L. No. 7 of 1112 Dated 8-12-'36. Reg No. M. 3696 C 161.

# The Prakasam

PUBLISHED EVERY SUNDAY.

EDITOR-IN-CHIEF DR. KAMAL PASHA THAIL.

VOL. III. No. 32. | COCHIN— SEPTEMBER, 26 — 1937. | PRICE ANNA ONE

Insure With The Guardian of India Insurance Co., Ltd.

K. JACOB THOMAS MEMORIAL SAHRUDAYA LIBRARY
MANNARGHAT



JANAB S. K. SHEIK RAWTHER M. L. A.

## Lowest Premium With Best Bonus Rates!

**TO INSURE WITH**

# EMPIRE OF INDIA

**Means Saving for the family**

## എമ്പയർ ഓഫ് ഇന്ത്യാ

## രക്ഷാഭോഗ കമ്പനി (ക്ലിപ്തം)

ബോംബെ സ്ഥാപിതം 1897

കുറഞ്ഞ പ്രീമിയം! നിറഞ്ഞ ലാഭം!

Chief Organiser For COCHIN & TRAVANCORE

CHERIAN MANJURAN
BROADWAY, ERNAKULAM.



## The South Indian Engineering Works Ltd.,

**Engineers, Iron Founders and LaunchBuilders**

**PALLURUTHY, COCHIN.**

DIRECTORS:— ISMAIL HAJEE ESSA SAIT, MERCHANT & LANDLORD.
F. A. COX, M. I MECH. E.

Manufacturers of "Cox & Anderson' improved ghannies for extraction of oil from copra and oil seeds; their working has resulted in great saving in power, wear and tear, and wastage of oil by evaporation.

Manufacture of other machinery and reconditioning of oil engines undertaken with market success.

Large slipway and boat yard laid out for repairs to tugs, barges, and other large craft, and the building of all types of boats and launches.



തലശ്ശേരിയിൽവരുന്ന യാത്രക്കാർ ഇനിയും ക്ലേശിക്കേണ്ട

സുഖമായ ഭക്ഷണം! മിതമായ ചാർജ്ജ്!!

## നൂർജിഹാൻ ഹോട്ടൽ

പല മാന്യന്മാരിൽനിന്നും സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുള്ള ഈ ഹോട്ടലിൽ യാത്രക്കാർക്ക് താമസത്തിനും മറ്റും വേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തിട്ടുണ്ട്.

മാനേജർ,
നൂർജിഹാൻ ഹോട്ടൽ,
തലശ്ശേരി.



## അമീൻ ബീഡി

പ്രസിദ്ധപ്പെട്ട "നിപ്പാനി പുകയിലയാ"ൽ ഉണ്ടാക്കുന്ന "അമീൻ ബീഡി" വാങ്ങി ഉപയോഗിപ്പിൻ

റങ്കൂൺ, സിലോൺ, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ഞങ്ങളുടെ ബീഡി ധാരാളം കയററി അയക്കുന്നു. കച്ചവടക്കാർക്ക് പ്രത്യേക നിരക്ക്. അധികവിവരത്തിന്നു ഉടൻ അപേക്ഷിക്കുവിൻ.

മാനേജർ,
അമീൻ ബീഡി വർക്ക്സ്,
ടി. സി. റോഡ്, തലശ്ശേരി.

# പ്രകാശം

പുസ്തകം 3 | കൊച്ചി 1937 സെപ്റ്റംബർ 26 — 1113 കന്നി 10 | ലക്കം 32


## സന്മാൎഗ്ഗസങ്കേതം

[കെ. എ. മുഹമ്മദ്—മുനമ്പം]

ശാന്ത സമ്മോഹനദായകമായൊരു
ശാന്തിനികേതന സൗധമതിൽ,
ശാന്തി സൗഖ്യങ്ങൾ വളൎത്തിയീ ലോകത്തിൻ
കാന്തിമികവങ്ങുയൎത്തീടുന്ന-
സാരസ സൗഹൃദപ്പൂ മൊട്ടിൽ തൂമധു,
തൂകീലസിക്കുന്ന 'മിംബ്'റേകം.
മാനവ ജീവിത മാനദണ്ഡമാകും,
പാവന തത്വസമുച്ചയങ്ങൾ-
കാനനത്തട്ടിലും മാനസ താരതിൽ
സ്നേഹത്തേ വാപനം ചെയ്വാൻ പോരും-
പാരിൽ പരിതൃപ്തിധ്വംസനം ചെയ്യുന്ന
പാരം കടുത്ത ദുരിതങ്ങളെ
പാടേ വിപാടനം ചെയ്തിക്ഷിതിതന്നിൽ
ആടൽ മുടിച്ചീടാൻ കെല്പേറുന്ന-;
പാരം പവിത്രമാം ദിവ്യമഹദ്വാക്യ-
സാരം മുഴക്കി ലസിച്ചീടുന്നു.
ആഹ്ളാദപൂരിതമായി ഞെളിയുന്ന
വ്യാമോഹശാലിയാം ക്ഷോണിതൻെറ,
പാച്ചപ്പകിട്ടുന്ന ധീനരായ് ലോകത്തിൽ
തുച്ഛമാം ഭോഗം നുകരുവാനായ്;
ആശാസമുദ്രത്തിൽ നീന്തിക്കളിക്കവേ
വീണ്ടും നൈരാശ്യ പ്രകമ്പനത്തിൻ
നാശഗൎത്തത്തിൽ പതിച്ചിടാതെ പങ്ക-
പ്പാറയിലേറുന്ന മൎത്ത്യൻ തൻെറ,
കൃത്യബോധത്തെയുയൎത്തുവാൻ മൃത്യുവിൻ,
വസ്തുത ചൊല്ലീ ലസിച്ചിടുന്നു.
സന്മാൎഗ്ഗ സന്ദേശ സൗരഭ്യം ചേൎക്കുന്ന,
വെണ്മതിരളും കുസുമമേനിൻ
സന്മധുഃവേകി വളൎത്തുന്ന വണ്ടുകൾ
ജന്മസാഫല്യം വരിച്ചുകൊള്ളും
നിൻെറ പരിമള ധോരണിയിൽ ലോകം
നിത്യ ദുരിതം തുലച്ചുകൊള്ളും.
കാമാദിമാരുത വീഥിയിൽ പെട്ടുള്ള
കോമള മാകുന്ന ധീദീപത്തേ
കെല്പേറും പ്രാകാരഭിത്തികൾ കൊണ്ടുനീ
തല്പരത്വം പൂണ്ട് കാത്തീടുന്നു.
ധൎമ്മപ്രഭാവം വളൎത്തുന്ന നീചിരം
കൎമ്മവൈമുഖ്യം ഹനിച്ചീടുന്നു.

## 'കവിതയോട്'

പി. എൻ. ഗംഗാധരൻ നായർ (തുറവൂർ)

(ഉപസൎപ്പിണി)

എവിടെയൊക്കെത്തിരഞ്ഞുഞാൻ ദേവി! നിൻ-
ഭുവന മോഹനരൂപം; നുകൎന്നിടാൻ
ഇവനിതേവരെ ലബ്ധമായില്ലതി-
നവികലാനന്ദ ദായകം ദൎശനം

x x x x

പികകുലം ചൂതപല്ലവമാസ്വദി-
ച്ചുകലുഷാ നന്ദഗീത മുതിർക്കവേ
സകല നാദമധുവ്രത സഞ്ചയം
വികല ചിത്തരായോടി നടക്കവേ—
ലളിത വല്ലികൾ മാരുത പോതത്താൽ
വില്ലുളിതങ്ങളായ് നൃത്തം ചവിട്ടവേ
ഉലകിനെ ശുഭ്രരശ്മികൾ കൊണ്ടു നിർ—
മലവസനം വിധുവണിയിക്കവേ
അധികമെന്തിനുരപ്പൂ? ഞാൻ സൗഭാഗ്യ-
വ്യധരിത സുരകാമിനീ! നിന്നെത്താൻ
മധുസമയ മണഞ്ഞു മദിക്കിലും
വിധുരനായി സ്മരിക്കുന്നിതെപ്പൊഴും
മമഹൃദയക്ഷതിക്കുനിൻ ധ്യാനമൊ-
രമൃതധാര കണക്കു സുഖപ്രദം
അമലേ! നിന്നുടെ സാമീപ്യം സിദ്ധിച്ചാൽ!
അമരപത്തനം തുച്ഛം! തൃണോപമം!!
ശരിയിതൊക്കെയുമെങ്കില്യ മെന്നിൽ നി-
ഷ്കരുണയായി ഭവതിയതെന്തുവാൻ?
ത്വരിതമെൻെറ ഹൃദന്തരക്ഷേത്രം മൽ-
ഭരിതയായ് ദേവി! ധന്യമാക്കീടുക!

x x x x

എവിടെയൊക്കെ ത്തിരഞ്ഞുഞാൻ ദേവി! നിൻ-
ഭുവന മോഹന രൂപം; നുകൎന്നിടാൻ
ഇവനിതേവരെ ലബ്ധമായില്ലതി-
ന്നവികലാനന്ദ ദായകം ദൎശനം

---

നിന്നുപദേശ പരമ്പരയാൽ ലോകം
നിൎണ്ണയം പാവന മായീടുന്നു.

---

## കാല്യതാരം

(മഞ്ജരി)

(തെരുവത്ത് രാമൻ)

നോക്കുക; പാരമിങ്ങെങ്ങും പരന്നുപോയ
നിൎമ്മലമാമൊരു തൂവെളിച്ചം!
നമ്മൾതൻ കണ്ണിന്നു കാഴ്ച തെളിയിച്ചോ-
രത്തിരു മുമ്പിൽ നമിക്ക നമ്മൾ!!
പാരമിതുവരെത്തിങ്ങിയിരുന്നതാം
ഘോരതമസ്സിനാലന്ധരായി,
ശത്രുക്കളാരെന്നറിഞ്ഞിടാതേററവും
പോരാടിയില്ലെ പരസ്പരം നാം,
തമ്മിൽത്തല്ലെല്ലാമൊഴിച്ചി നിയെങ്കില്യ-
മൊത്തൊരുമിയ്ക്കുനാം സോദരരേ!
കണ്ണിന്നു കാഴ്ച തെളിഞ്ഞല്ലോ നമ്മൾക്കു,
ശത്രുക്കളാരെന്നു നോക്കിക്കാണ്മാൻ!
അന്യോന്യം നമ്മൾതൻ സോദരന്മാരെയും,
ശത്രുക്കളേയും തിരിച്ചറിവാൻ
ക്രൂരിരുൾ നീക്കി വെളിച്ചം പരത്തിയോ
രത്തിരു മുമ്പിൽ നമിയ്ക്കു, നമ്മൾ!!

---

## വസന്തം

പി. ജി. നായർ നെടിയിരുപ്പ്

താരാട്ട്

കോമളഭാനുവുദിച്ചു— കൂട്ടം
തൂമയിൽ രശ്മിപൊഴിച്ചു
കാലം വസന്തമണഞ്ഞു—പല
വല്ലികൾ പുഷ്പിച്ചുലഞ്ഞു
ഓമനത്തെന്നലുണൎന്നു—പുതു
തൂമണം വീശിപറന്നു
വണ്ടുകളോരോന്നു വന്നു—മധു
തെണ്ടിത്തിരഞ്ഞു നടന്നു
ലോകങ്ങളേറെ ത്തിളങ്ങി—കള
കോകിലം പാടിത്തുടങ്ങി
തൂമന്ദഹാസം പൊഴിച്ചു—പല
കാമിനിമാരും കളിച്ചു
പുത്രകളത്രാദിയൊത്തു—ജന
മൈത്രയും സൌഖ്യമായ് പാൎത്തു
കുട്ടികളോരോന്നുകൂടി—കുടിൽ
കെട്ടിയതിൽ കളിയാടി
ഉല്ലാസമാകും വസന്തം—പാരി
ലെല്ലാൎക്കു മേകിയാനന്ദം

---

# ഗോണ്ടൽ

## നികുതി ഈടാക്കാത്ത ഏക സംസ്ഥാനം

ഇൻഡ്യയിലെന്നല്ല ലോകത്തിൽ വച്ചു നികുതിഈടാക്കാത്ത ഏകസംസ്ഥാനം ഗോണ്ടൽ ആകുന്നു. മഹാരാജ ഭഗവതി സിംഹജി. ജി. സി. എസ്. ഐ. ജി. സി ഐ. ഇ. തിരുമനസ് കൊണ്ടാണ് ഈ ഏർപ്പാട്ട് അവിടെ നടപ്പാക്കിയതു്. 65 കൊല്ലങ്ങൾക്കുമുമ്പ് അദ്ദേഹം സിംഹാസനാരോഹണം ചെയ്തപ്പോൾ 50 തരത്തിലുള്ള നികുതികൾ പ്രജകളിൽ നിന്നും ഈടാക്കി വന്നിരുന്നു. പ്രജാക്ഷേമഹാനികരങ്ങളായ ആ നികുതികളെ നിശ്ശേഷം നിർത്തലാക്കുന്നതിലാണ് അദ്ദേഹത്തിൻെറ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. വാർത്താവിനിമയം, ശുചീകരണം, വിദ്യാഭ്യാസം, കാർഷികാഭിവൃദ്ധി എന്നീവിഷയങ്ങളിലും അദ്ദേഹത്തിൻെറ ശ്രദ്ധ ഗാഢമായി പതിഞ്ഞു. തിരുമനസ്സിലെ ദീർഘവും പ്രശസ്തവുമായ അരശതാബ്ദക്കാലത്തെ ഭരണം കൊണ്ടു രാജ്യത്തെ മുതലെടുപ്പ് അസാമാന്യമായി വർദ്ധിച്ചു. ഇന്നു ഗോണ്ടൽ സംസ്ഥാനം ബോംബെ പ്രസിഡൻസിയിലെ സംസ്ഥാനങ്ങളിൽ അഗ്രിമസ്ഥാനത്തു് എത്തിച്ചേർന്നിരിക്കുന്നു.

ധനപുഷ്ടികൊണ്ടു മാത്രമല്ല ഗോണ്ടൽ സംസ്ഥാനം ഇന്നു ഇൻഡ്യൻ നാട്ടുരാജ്യങ്ങളിൽ അപ്രതിഷേദ്ധ്യമായ ഒരു സ്ഥാനത്തേക്കുയർന്നിട്ടുള്ളതു്. കാര്യക്ഷമമായ രീതിയിൽ ധനവിനിമയം ചെയ്യുന്നതു കൊണ്ടാണ് സംസ്ഥാനത്തിനു ഇത്ര പ്രശസ്തിയും ഭരണാധിപന് മാതൃകാരാജാവ് എന്ന ബഹുമതിയും ലബ്ധമായിരിക്കുന്നതു്.

ഗോണ്ടൽ മഹാരാജാവിൻെറ രാജ്യഭരണം ഇതരരാജാക്കന്മാർക്കു മഹനീയമായ ഒരു മാതൃകയും അവശ്യം അനുകരണീയവുമാകുന്നു. രാജ്യഭരണത്തിൻെറ വിജയരഹസ്യം പ്രജകളുടെ ദാസനായി ജീവിക്കുക എന്നുള്ള മഹനീയാദർശത്തിലാണ് അന്തർഭവിച്ചിരിക്കുന്നതെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു.

ബോംബെ പ്രസിഡൻസിയെ ഭരിച്ചിട്ടുള്ള ഗവർണ്ണറന്മാർ എല്ലാം തന്നെ ഗോണ്ടൽ സംസ്ഥാനത്തെ ഭരണവൈശിഷ്ട്യത്തേയും മഹാരാജാവിൻെറ രാജ്യതന്ത്രകുശലതയേയും മുക്തകണ്ഠം പ്രശംസിച്ചു അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഗോണ്ടൽ സംസ്ഥാനത്തോടു സമാനമായ ഒരു സംസ്ഥാനം ഗോണ്ടൽ സംസ്ഥാനമല്ലാതെയില്ലെന്നു കാണാവുന്നതാണ്.

കാർഷികഭൂമികളുടെ പൂർണ്ണമായ ഉടമസ്ഥാവകാശവുംകാർഷിക സ്വാതന്ത്ര്യവും ഗവർമ്മെണ്ടു കർഷകർക്കു അനുവദിച്ചു കൊടുത്തതോടുകൂടി കർഷകരും കാർഷികഭൂമികളും വളരെ വർദ്ധിച്ചു. കാർഷികാഭിവൃദ്ധിയുണ്ടായതോടുകൂടി സംസ്ഥാനവും തദനുസരണമായ അഭിവൃദ്ധിയെ പ്രാപിക്കാതെ നിവൃത്തിയില്ലല്ലൊ. വർദ്ധിച്ചു വരുന്ന ജീവിതാവശ്യങ്ങളെ നിയന്ത്രിക്കുന്നതിനും കൃഷിയെ പുരോഗമിപ്പിക്കുന്നതിനുമായി അൻപത്തേഴര ലക്ഷം രൂപായുടെ ഒരു ഫണ്ടു ഗോണ്ടൽ ഗവർമ്മെണ്ടു പ്രത്യേകം സൂക്ഷിച്ചിരിക്കുന്നു. കത്തിയ വാറിൽ ഏററവും കൂടുതൽ കൃഷിസ്ഥലങ്ങൾ ഗോണ്ടാലിലാകുന്നു. എത്ര ഭയങ്കരമായ ക്ഷാമം പിടിപെട്ടാൽ പോലും ഗോണ്ടാലിലെ ജനങ്ങൾക്കു പട്ടിണികൊണ്ടു മരിക്കേണ്ടി വരികയില്ല.

ഒരു രാജ്യത്തിൻെറ സർവ്വാഭ്യുന്നതിയും അവിടത്തെ വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. ഗോണ്ടലിലെ മഹാരാജാവുതന്നെ ഒരു വലിയ പണ്ഡിതനും ഗ്രന്ഥകാരനും കൂടിയായതിനാൽ വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം അതിശ്രദ്ധാലുവാണ് കത്തിയവാറിൽ ആദ്യത്തെ ഗേൾസ് ഇംഗ്ലീഷ് ഹൈസ്കൂൾ സ്ഥാപിച്ചു ഗൊണ്ടാലിലെ രാജാവാകുന്നു. അദ്ദേഹം രാജ്യഭാരം ഏൽക്കുന്ന കാലത്തു ആ നാട്ടിൽ സാക്ഷരന്മാർ 5 ശതമാനംപോലും ഇല്ലായിരുന്നു. എന്നാൽ ഇന്നു സാക്ഷരന്മാരുടെ സംഖ്യ 20 ശതമാനമായി ഉയർന്നിട്ടുണ്ടു്.

വിദ്യാഭ്യാസം ഗ്രാമാന്തരങ്ങളിൽ പോലും പ്രചുരപ്രചാരമാക്കുന്നതിലേക്കായി ഗ്രാമങ്ങൾ തോറും ആവശ്യാനുസരണം വിദ്യാശാലകൾ സ്ഥാപിക്കയും ഓരോ വിദ്യാശാലയോടും അനുബന്ധിച്ചു പൂന്തോട്ടങ്ങൾ ഉണ്ടാക്കയും തോട്ടകൃഷി ക്ലാസിൽ അദ്ധ്യയനം ചെയ്യിക്കയും ചെയ്തുവരുന്നു.

1884-ൽരാജ്യത്തെ ഉദ്യോഗസ്ഥന്മാരിൽ നാട്ടുകാർ 58 ശതമാനം മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ 95 ശതമാനം ഉദ്യോഗവും ആ നാട്ടുകാർ തന്നെയാണ് ഭരിക്കുന്നതു്. ഇന്നു ശമ്പളത്തിൻെറ തോതും ഒന്നര ഇരട്ടി പെരുകിയിട്ടുണ്ടു്. എന്നിട്ടും രാജകീയ ചിലവിലേക്കു അന്നുനിശ്ചയിച്ചിട്ടുള്ള സംഖ്യയിൽനിന്നും ഒരു പൈപോലും കൂടുതൽ അദ്ദേഹം എടുക്കുന്നില്ല.

അദ്ദേഹത്തിൻെറ സുവർണ്ണ ജൂബിലി മഹാമഹം ആഘോഷിച്ച സന്ദർഭത്തിൽ അദ്ദേഹത്തിൻെറ തൂക്കം വരുന്ന സ്വർണ്ണനാണയങ്ങൾ സാധുക്കളായ പ്രജകൾക്കു ദാനം ചെയ്യുകയുണ്ടായി.

മഹാരാജാവിനോടു പ്രജകൾക്കു് തോന്നിയ ഭക്തിസ്നേഹബഹുമാനങ്ങളെ ആസ്പദമാക്കി ഗോണ്ടലിൽ അദ്ദേഹത്തിൻെറ ഒരു പ്രതിമ സ്ഥാപിക്കയുണ്ടായിട്ടുണ്ടു്.

മഹാരാജാവിൻെറ വിദ്യാഭ്യാസജീവിതം എത്രയും പ്രശസ്തമാണ്. എഡിൻബറോ, ഓക്സഫോർഡ് മുതലായയൂണിവേഴ്സിററികളിൽനിന്നും M. B. C. M; M. D; M. R. C. P; F. R. C. P; D. C. L; L. L. D. മുതലായ ബിരുദങ്ങൾ അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്.

സാഹിത്യവിഷയത്തിൽ അദ്ദേഹത്തിൻെറ പാണ്ഡിത്യം അഗാധമാണ്. ഗുജറാത്തി ഭാഷയിലെ ഒരു നിഘണ്ടു അദ്ദേഹം സ്വന്തമായി എഴുതിവരുന്നു. ഗുജറാത്തി സാഹിത്യത്തിന് ഈ ഗ്രന്ഥം അദ്ദേഹത്തിൻെറ അമൂല്യമായ ഒരു സംഭാവനയായിരിക്കും.

രാജ്യഭരണവിഷയത്തിൽ അതിപ്രഗത്ഭനായ ഇദ്ദേഹത്തിന് കെ. സി. ഐ. ഇ., ജി. സി. ഐ. ഇ. എന്നീ ബിരുദങ്ങൾ മേൽക്കോയ്മയിൽ നിന്നും സമ്മാനിച്ചിട്ടുണ്ടു്.

ബീഹാറിലും ക്വെററായിലും അതിഭീകരങ്ങളായ ഭൂകമ്പങ്ങൾമൂലം ഉണ്ടായ ദുരിതനിവാരണത്തിന്നായി കൂടുതൽ സംഖ്യ സംഭാവന ചെയ്ത വ്യക്തികളിൽ പ്രഥമഗണനീയൻ ഗോണ്ടൽ മഹാരാജാവാകുന്നു. അദ്ദേഹത്തിൻെറ ഭൂതദയയും ആർത്തത്രാണപരായണതവും സുപ്രസിദ്ധമാണ്.

ആണ്ടുതോറും ഗോണ്ടൽ രാജ്യത്തു ഒരുമിച്ചു ബഡ്ജററ് രൂപീകരിക്കപ്പെടുന്നു. രാജ്യത്തെ മൊത്തം മുതലെടുപ്പായ 78 ലക്ഷം ക. യിൽ 50ലക്ഷം ക. യും ഗവർമ്മെണ്ടുവക നിക്ഷേപങ്ങളുടെ പലിശയാണ്. ബാക്കിവരുന്ന 28 ലക്ഷം ക. മാത്രമെ ലാൻറ് റവന്യു ഇനത്തിൽ നിന്നും ലഭിക്കുന്നുള്ളു. സകല നികുതി ഏർപ്പാടുകളും നിർത്തലാക്കിയിട്ടും ഗോണ്ടാൽ ഇൻഡ്യൻ രാജ്യങ്ങളിലെ ഏററവും സമ്പൽസമൃദ്ധമായ ഒരു രാജ്യമാണ്.

വിദ്യാഭ്യാസ വിചക്ഷണനെന്നുള്ള നിലയിലും കവിഞ്ഞു് അവിടത്തെ മഹാരാജാവു വലിയ സമുദായപരിഷ്കാരിയുമാകുന്നു. സ്ത്രീ വിദ്യാഭാസം നിർബന്ധിതമാക്കുന്ന വിഷയത്തിൽ ഇദ്ദേഹത്തിൻെറ ധീരമായ പരിശ്രമം സുസ്മരണീയമാണ്. അദ്ദേഹത്തിൻെറ ഭരണ വിഷയത്തിലുള്ള

# കമാലിൻെറ ബാല്യം

(എം. ജെ. ചെറിയാൻ.)

"എൻെറ ബാല്യസ്മരണകളിൽ ഒരെണ്ണം മാത്രം ഞാൻ ദൃഢമായി ഓർമ്മിക്കുന്നുണ്ടു. അതു ഒരിക്കലും ഒട്ടും മറക്കാൻ സാധിക്കുന്നതല്ല" എന്നിപ്രകാരമാണ് തുർക്കിയുടെ സർവ്വാധിപതി ഉത്തരമാരംഭിച്ചതു. സ്റ്റെഫാൻ ലോറൻറ് (Stefan Lorant) എന്ന സുപ്രസിദ്ധ ഹംഗേറിയൻ പത്രപ്രവർത്തകൻ ഈയ്യിടെ നടത്തിയ അഭിമുഖസംഭാഷണത്തിൽ മുസ്തഫാ കമാലിനോടു അദ്ദേഹത്തിൻെറ പ്രധാന ബാല്യസ്മരണകളെപ്പററി ചോദിച്ചതായിരുന്നു സന്ദർഭം. "എൻെറ വിദ്യാരംഭം സംബന്ധിച്ചു എൻെറ മാതാവും പിതാവും തമ്മിൽ കലശലായ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഒരു തികഞ്ഞ മതഭക്തയും യാഥാസ്ഥിതികയും ആയിരുന്ന അമ്മ വേദത്തിൽതന്നെ എൻെറ വിദ്യ ആരംഭിക്കണമെന്നു ശഠിച്ചു. ഒരു നവീനാശയങ്ങളുൽപതിഷ്ണുവും ആയ അച്ഛനു അതൊട്ടു സമ്മതവുമായിരുന്നില്ല. ഒടുക്കം ഇക്കാര്യത്തിൽ ഒരു ചെറിയ തന്ത്രം പ്രവർത്തിച്ചിട്ടു ഞങ്ങൾ അച്ഛൻ ഉദ്ദേശം സാധിച്ചതു. അമ്മയുടെ അഭിലാഷത്തിനു അച്ഛൻ പരിപൂർണ്ണമായി വഴിപ്പെട്ടു. പള്ളിയോടനുബന്ധിച്ചു നടത്തിയിരുന്ന വേദാദ്ധ്യയന സ്കൂളിലേക്കു എന്നെ അയക്കുവാൻ തീർച്ചയാക്കി. വിദ്യാരംഭദിവസം എന്നെ വിശേഷവസ്ത്രാലങ്കാരഭൂഷിതനാക്കി വീട്ടിൽ നിർത്തി. വേദാദ്ധ്യാപകൻ തൻെറ ശിഷ്യഗണങ്ങളോടുകൂടി എൻെറ വീട്ടിലേക്കുവന്നു. ആചാരോപചാരശേഷം അദ്ദേഹം ചൊല്ലിതന്ന പ്രാർത്ഥന ഞാൻ ചൊല്ലി. അദ്ദേഹം പറഞ്ഞുതന്നതുപോലെ ഞാൻ അച്ഛനേയും അമ്മയേയും വണങ്ങി. അപ്പോൾ അവിടെ അണിനിരന്നുകഴിഞ്ഞിരുന്ന വിദ്യാർത്ഥികളുടെകൂടെ എന്നെയും ചേർത്തു ഞങ്ങൾ ആർത്തുവിളിച്ചു ഘോഷയാത്ര പുറപ്പെട്ടു തെരുവീഥികളിൽകൂടി സ്കൂളിൽ എത്തി. ചെന്നുകയറിയ ഉടനെ എല്ലാവരും ഒത്തൊരുമിച്ചു ഒരു പ്രാർത്ഥന ചൊല്ലി. പിന്നെ ഗുരുനാഥൻ എന്നെ തനിച്ചു ഒരു ചെറിയ പരിശുദ്ധ മുറിയിലേക്കു ആനയിച്ചു. അവിടെ അദ്ദേഹം ഭക്ത്യാദരപുരസ്സരം പരിശുദ്ധഖുർആൻ നിവർത്തി എനിക്കു ആദ്യമായി അതിലെ ഒരു വാചകം ചൊല്ലിതന്നു എന്നെക്കൊണ്ടു ചൊല്ലിച്ചു മതപരമായ ചടങ്ങുകളോടുകൂടി വിദ്യാരംഭം നടത്തുകയും ചെയ്തു. അങ്ങിനെ ഒരു ആറുമാസക്കാലം ഞാൻ അവിടെ ഖുർആൻ പഠിച്ചു. ഷെംസി എഫെൻഡി (Shemsi Effendi) യൂറോപ്യൻ രീതിയിൽ അശേഷവും മതപരമല്ലാതെ നടത്തിയിരുന്ന ഭൗതിക സ്കൂളിലേക്കു പിന്നെ അച്ഛൻ എന്നെ യാതൊരു ഘോഷവാറൊ പുണ്യകർമ്മമൊ കൂടാതെ മാററി."



മുസ്തഫാ കമാൽ

മുസ്തഫായുടെ പിതാവു ആലി റിസബെ (Ali Riza Bey) ഒരു സ്വതന്ത്രചിന്തകനായിരുന്നു. അദ്ദേഹം ഇസ്ലാമിക തുർക്കിയുടെ കൊള്ളരുതായ്മകളെയും കുറവുകളെയും അറിയുകയും, ക്ഷീണിച്ചിരുന്ന തുർക്കിസാമ്രാജ്യത്തിൻെറ അഭ്യുന്നതിക്കായി പരിശ്രമിക്കുകയും ചെയ്തിരുന്നു.

മാതാവ് സുബെയ്ദി ഹാനും (Zubeide Hanum) പഴയ മട്ടുകാരിയായ ഒരു ദൈവഭക്ത ആയിരുന്നു. അവരുടെ അന്ത്യംവരെ ഇസ്ലാമിക ആചാരങ്ങൾ വരവണ്ണം തെററിക്കാതെ അവർ നിർവ്വഹിച്ചിട്ടുണ്ട്. അവർ തീർത്തും നിരക്ഷരയായിരുന്നു. തുർക്കിയിലെ സാധാരണ സ്ത്രീകളെപ്പോലെ ഒരു പ്രശാന്തമായ ജീവിതമാണു അവർ നയിച്ചിരുന്നതു. മൂടുപടംകൊണ്ടു മൂടിയും, കുഡുംബാംഗങ്ങളും ചുരുക്കം ചില സ്നേഹിതകളും ഒഴിച്ചു വേറെ ആരോടും സംസാരിക്കാതെയും വീട്ടിൽനിന്നു പുറത്തിറങ്ങാതെയും അവർ ജീവിച്ചുപോന്നു

ആ അമ്മ പഴയ ഒട്ടോമാൻ (Ottoman) സാമ്രാജ്യത്തിലെ ഒരു മാതൃകസ്ത്രീയായിരുന്നു എന്നുള്ളതിനു സംശയമില്ല. നേരെമറിച്ചു പിതാവു പുതിയ പരിവർത്തനത്തെ അക്ഷമയോടെ പ്രതീക്ഷിക്കയും അതിനാവശ്യമായ നവീന ആശയങ്ങളെ ആർത്തിയോടെ ഉൾക്കൊള്ളുകയും ചെയ്തിട്ടുള്ളവനായിരുന്നു.

സലോണിക്ക (Salonica) തുറമുഖത്തിലെ ചുങ്കവകുപ്പിൽ ഒരു ചെറിയ ഉദ്യോഗസ്ഥനായിരുന്നു ആലി റിസ ബെ. ആ ചുരുങ്ങിയ ശമ്പളംതന്നെ അദ്ദേഹത്തിനു പലപ്പോഴും കിട്ടിയിരുന്നില്ല. കിട്ടുകയാണെങ്കിൽതന്നെ അനേക മാസങ്ങളിലെ ശമ്പളബാക്കിയുടെ ഒരംശമെ കിട്ടിയിരുന്നുള്ളു. സലോണിക്കയിൽ തുർക്കികൾ താമസിച്ചിരുന്ന സ്ഥലത്തു ഒരു ചെറിയ മരക്കുടിലിൽ താമസിച്ചിരുന്ന ഈ കുഡുംബത്തിനു പല കഷ്ടാരിഷ്ടതകളും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവക്കു മക്കളായി രണ്ടാൺകുട്ടികളും ഒരു പെൺകുട്ടിയും കൂടി മൂന്നു പേർ ഉണ്ടായിരുന്നു. എന്നാൽ മുസ്തഫായുടെ ജ്യേഷ്ഠൻ ചെറുപ്പത്തിൽതന്നെ അന്തരിച്ചതിനാൽ കുടുംബത്തിൽ നാലു അംഗങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

തനിക്കു കിട്ടിയിരുന്ന ശമ്പളം കുടുംബം പോററുവാൻ മതിയാവുന്നില്ലെന്നു കണ്ടു ആലി റിസബെ കസ്റ്റംസ് ഉദ്യോഗം രാജിവെച്ചു. ഒരു മരക്കച്ചവടത്തിൽ ഏർപ്പെട്ടു. ഈ തൊഴിൽ അഭിവൃദ്ധിപ്പെടുകയും ചെയ്തു.

സുമുഖനും ബാലനുമായ മുസ്തഫാക്കു ഈ കാലം ആനന്ദപ്രദമായിരുന്നു. പക്ഷെ ഇതു കുറച്ചു കാലത്തേക്കു മാത്രമെ നിലനിന്നുള്ളു. അച്ഛൻെറ അകാലമരണം അമ്മയേയും രണ്ടു മക്കളേയും നിസ്സഹായരാക്കി. മുസ്തഫാക്കു അന്നു ഒൻപതു വയസ്സു പ്രായമായിരുന്നു.

സലോണിക്കയിൽനിന്നു വിദൂരസ്ഥിതമായ ഒരു ഗ്രാമത്തിൽ കർഷകനായിരുന്ന തൻെറ സഹോദരനെ അമ്മ അഭയം പ്രാപിച്ചു. അവിടെ ബാലനായ മുസ്തഫാക്കു ജോലി ചെയ്യേണ്ടിവന്നു. ചായം വൃത്തിയാക്കുക, ആടുമാടുകളെ തീററുക മുതലായവയായിരുന്നു ജോലികൾ. അചിരേണ മുസ്തഫാ ഒരു കൃഷിക്കാരനായി തീർന്നു.

---

സകല വിജയങ്ങൾക്കും അടിസ്ഥാനം കൂടിയാണതെന്നു പറയുന്നതിൽ യാതൊരു സാംഗത്യവുമില്ല.

സമുദായ പരിഷ്കരണ വിഷയത്തിൽ അദ്ദേഹത്തിൻെറ പട്ടമഹിഷിയായ മഹാറാണി സാഹിബ്ബും അദ്ദേഹത്തെ വളരെ സഹായിച്ചിട്ടുണ്ട്. പർദാ സമ്പ്രദായത്തെ നാട്ടിൽ നിന്നും ഉച്ചാടനം ചെയ്യുന്നതിനു ധീരമായി പ്രവർത്തിച്ച ആദ്യത്തെ വനിത ആമഹാറാണിയാകുന്നു.

(സ്വീസു)

മെലിഞ്ഞു ക്ഷീണിച്ചിരുന്ന മുസ്തഫാ രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ശക്തിയും ആരോഗ്യവുമുള്ള ഒരു യുവാവായിതീൎന്നു. മിക്കവാറും മൌനാവലംബിയും സഹവാസവിമുഖനുമായിട്ടയാൾ ജീവിച്ചുപോന്നു.

അമ്മ വലിയ നിരാശയിലായി. അവർ തന്റെ മകൻ ഒരു ഇടയച്ചെറുക്കനൊ കർഷകനൊ ആകണമെന്ന ഒട്ടുംതന്നെ ആഗ്രഹിച്ചിരുന്നില്ല. മകന്റെ ഭാവിയെ കുറിച്ചു അവൎക്ക വേറെ ഉദ്ദേശങ്ങൾ ഉണ്ടായിരുന്നതിനാൽ, സലോണിക്കയിലെ ഒരു സഹോദരിയെ മകന്റെ വിദ്യാഭ്യാസത്തിനുള്ള ചിലവ് വഹിക്കുവാൻ പ്രേരിപ്പിച്ചു

അതുകൊണ്ടു, രണ്ടു കൊല്ലക്കാലത്തെ കൃഷി പരിശീലനശേഷം മുസ്തഫാ ഒരു ഇൻറർ മീഡിയററ് സ്കൂളിൽ ചെന്നുചേൎന്നു. പക്ഷെ അവിടെ അദ്ദേഹം തന്റെ സഹപാഠികളുമായി ഒരു കലഹത്തിലേർപ്പെട്ടു. ഈ കലഹത്തിന്ന മുസ്തഫായാണ് കാരണഭൂതൻ എന്ന അറബി അദ്ധ്യാപകൻ വിധിച്ചു്, മുസ്തഫായെ മാത്രം ശിക്ഷക്ക വിധേയനാക്കി

ഇതുമൂലം കോപിഷ്ഠനായ മുസ്തഫാ ഇനി സ്കൂളിൽ പഠിക്കുകയില്ലെന്ന തീർച്ചയാക്കി, ലസ്സാസൻ (Lazasan) എന്ന സ്ഥലത്തു താമസിച്ചിരുന്ന അമ്മയുടെ അടുക്കൽ തിരിച്ചുചെന്നു വീണ്ടും അദ്ദേഹത്തിന്ന ലായം വൃത്തിയാക്കലും, ആടുമാടുകളെ സൂക്ഷിക്കലും ജോലിയായിതീൎന്നു പക്ഷെ ഇതു അധികകാലം നീണ്ടുനിന്നില്ല.

അയൽവാസിയായ മേജർകാദ്രി ബെ (Major Kadri Bey)യുടെ മകനും തന്റെ സ്നേഹിതനുമായ അഹമ്മദ് (Ahmed) മിലിററി കോളേജിൽ പഠിച്ചിരുന്നു. അവന്റെ ഭംഗിയുള്ള സൈനിക ഉടുപ്പുകൾ കണ്ടു മുസ്തഫാ അസൂയപ്പെട്ടു താനും ഒരു യോദ്ധാവാകണമെന്ന അദ്ദേഹം തീർച്ചയാക്കി.

തന്റെ മാതാവു ഇതിന്ന തീരെ വിരോധിയായിരുന്നു. എന്നാൽ മുസ്തഫാ തന്റെ പിതാവിന്റെ ഒരു സ്നേഹിതന്റെ അടുക്കൽ ചെന്നു സൈനിക വിദ്യാഭ്യാസത്തിന്ന സഹായമഭ്യൎത്ഥിച്ചു. ഒരു പെൻഷൻഡ് ഉദ്യോഗസ്ഥനായിരുന്ന ആ സ്നേഹിതൻ സലോണിക്കയിലുള്ള മിലിററി കോളേജിൽ ഒരു പരിക്ഷക്ക ചേരുവാൻ മുസ്തഫാക്ക അനുവാദം വാങ്ങികൊടുത്തു.

പരീക്ഷയിൽ ജയിച്ചു, മുസ്തഫാ കോളേജിൽചേൎന്നു. ഇപ്രകാരം അദ്ദേഹത്തിന്റെ സൈനിക ജീവിതം ആരംഭിച്ചു. അമ്മക്ക അതു വ്യസനത്തിന്ന ഹേതുവായിതീൎന്നു. അവരുടെ മകൻ ഒരു സൈനിക വിദ്യാൎത്ഥി (Cadet) ആയി. അധികം താമസിയാതെ സഹപാഠികളുടെ തലവനായി.

കണക്ക ശാസ്ത്രത്തിനോടു അദ്ദേഹത്തിന്ന പ്രത്യേകം താല്പൎയ്യമുണ്ടായിരുന്നു. ഇതു പഠിപ്പിച്ചിരുന്ന പ്രോഫസർ, കാപ്ററൻ മുസ്തഫാ, (Captain Mustafa) അദ്ദേഹത്തിന്റെ ഒരു ആത്മസുഹൃത്തായിതീൎന്നു. രണ്ടാമത്തെ വർഷത്തിൽ മുസ്തഫായെ താഴ്ന്ന ക്ലാസുകളിൽ പഠിപ്പിക്കുവാൻ ഏല്പിച്ചു. തന്നിൽനിന്ന തിരിച്ചറിയുവാനും, ആയുവാവിന്റെ അനിതരസാധാരണമായ സാമൎത്ഥ്യത്തിന്ന ഒരു പ്രതിഫലമായും, അറബിയിൽ "സംപൂർണ്ണത" എന്നൎത്ഥമുള്ള കമാൽ എന്ന രണ്ടാമത്തെപേർ, കാപ്ററൻ മുസ്തഫാ അദ്ദേഹത്തിന്ന നൽകി. അതിൽ പിന്നീടാണ് അദ്ദേഹത്തിന്ന മുസ്തഫാ കമാൽ എന്ന പേർ സിദ്ധിച്ചതു്.

അധികം താമസിയാതെ അദ്ദേഹം സൈനിക പരീക്ഷയിൽ വിജയിയായി. മോണാസ്ററിലുള്ള (Monastir) സൈനിക പരിശീലനാലയത്തിൽ ഒരു പരിശീലകനായി നിയമിക്കപ്പെട്ടു.


ഒരു സഹപാഠി പതിനേഴ വയസ്സുള്ള മുസ്തഫായുടെ സ്വഭാവത്തെപററി ഇപ്രകാരം രേഖപ്പെടുത്തീട്ടുണ്ടു്:—"യാതൊരുത്തരായിട്ടും വലിയ പരിചയമില്ലാതെയും, മൌനം അവലംബിച്ചും, എല്ലാവരിൽനിന്നും അകന്നും അദ്ദേഹം ജീവിച്ചിരുന്നു. എന്നാൽ ആരോടും നിഷ്കരുണമായി പെരുമാറിയിരുന്നില്ല. എല്ലായിപ്പോഴും സന്തോഷവദനനും രമ്യതയുള്ളവനും ആയിരുന്നു. അദ്ദേഹം വളരെ അധികം വായിക്കുകയും അതിൽ കൂടുതൽ ചിന്തിക്കുകയും ചെയ്തിരുന്നു. ഒരു പുസ്തകം വായിക്കുന്നതിന്ന എടുക്കുന്ന സമയത്തിൽ മൂന്നിരട്ടി സമയം അതിന്റെ ഉള്ളടക്കങ്ങളെപ്പററി ചിന്തിക്കുന്നതിന്ന മുസ്തഫാ വിനിയോഗിച്ചിരുന്നു." (യുക്തിവാദി)

ബാലപംക്തി.

# * സർ, സ്റ്റാൻലി

(എ. വി. എം. ഉണ്ണിക്കമ്മദ്, എടവണ്ണ.)

നിസ്സാരന്മാരും, നിസ്വന്മാരുമായ ചിലർ വലിയ സമൎത്ഥന്മാരും സമ്പന്നന്മാരുമായി ഉയരുന്നതും, വമ്പിച്ച ധനാഢ്യന്മാരും പ്രബലന്മാരുമായ ചിലർ കേവലം "ദരിദ്രനാരായണ"ന്മാരും, "പാപ്പർ പുള്ളി"കളുമായിത്തീരുന്നതും ലോകത്തു് അനുദിനമെന്നോണം കണ്ടുവരുന്ന സംഭവങ്ങളാണ്. ആദ്യംപറഞ്ഞ കൂട്ടർ അശ്രാന്തമായ പരിശ്രമത്താൽ അഭ്യുൽഗമിക്കുന്നു. പിന്നീടു പറഞ്ഞ തരക്കാർ അക്ഷന്തവ്യമായ അലസത നിമിത്തം അധഃപതിക്കുന്നു യഥാ



മി. ജിന്നാ

അടുത്തുതന്നെ കല്ക്കത്തായിൽവെച്ചു കൂടുന്ന മുസ്ലിം ലീഗ് സമ്മേളനത്തിൽ മി. ജിന്നാ ആദ്ധ്യക്ഷംവഹിക്കുന്നതാണ്.

ൎത്ഥത്തിൽ, മനുഷ്യനെ ഉന്നതനും, ഉൽകൃഷ്ടനുമാക്കിച്ചെയ്യുന്നതു് നിരന്തരശ്രമം, കൃത്യനിഷ്ഠ, ധൈൎയ്യം, സ്ഥൈൎയ്യം, ക്ഷമ മുതലായ ഉത്തമ ഗുണങ്ങളത്രെ. മന്ദന്മാരും, മടയന്മാരുമായ ആളുകൾ പ്രസ്തുത ഗുണങ്ങൾ കൈക്കൊള്ളാതെ "ദുർഭാഗ്യം" എന്നും "തലവിധി" എന്നും മററും പ്രലപിച്ചു്, ഹതാശയരായി കയ്യുംകെട്ടി വൃഥാ കാലംകളയുന്നു. വേണ്ടപോലെ യത്നിച്ചാൽ മനുഷ്യന്നു സാധിച്ചുകൂടാത്തതൊന്നും ഉലകത്തിലില്ലെന്നുപറയാം. "അസാദ്ധ്യം" എന്നപദം അലസന്മാരുടെ അകാരാദിയിൽ മാത്രമെ കാണുകയുള്ളുവെന്നാണ് വീരനും, വിശ്രുതനുമായ നെപ്പോളിയൻ പ്രഖ്യാപിച്ചിട്ടുള്ളതു്.

അനുകരണീയവും, അഭിലഷണീയവുമായ അദ്ധ്വാനശീലത്താൽ ഏററവും താണസ്ഥിതിയിൽനിന്ന സമുന്നതവും, സമാദൃതവുമായ അവസ്ഥാന്തരത്തിൽ അധിരോഹിതരായ അനേകം മഹാന്മാരുണ്ടു്. എങ്കിലും സർ, സ്റ്റാൻലിയുടെ ഒരു ചരിത്ര സംക്ഷിപ്തം മാത്രമാണ് ഞാനിപ്പോൾ ചുവടെ കുറിക്കുന്നതു്. ദരിദ്രന്മാരും, അനാഥരുമായ ബാലകന്മാൎക്ക സൌജന്യമായി ഊണും ഉടുപ്പും കൊടുത്തു വിദ്യ അഭ്യസിപ്പിക്കുന്ന ചില ധർമ്മകേന്ദ്രങ്ങളുണ്ടു്. ഇംഗ്ലണ്ടിൽ അങ്ങിനത്തെ ഒരിടത്തു് പഠിച്ചിരുന്നഒരനാഥച്ചെറുക്കനായിരുന്നു സ്റ്റാൻലി. അദ്ദേഹം 1841-ൽ "ഡെൻബെ" എന്നസ്ഥലത്തു് ജ

* ഒരു സ്വതന്ത്രാനുവാദം.

നില്ല. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരാരാണെന്നറിയുന്നില്ല.

അഗതി സംരക്ഷണ കേന്ദ്രത്തിലെ അഭ്യസനം അവസാനിച്ചു പുറത്തുവന്നുടനേ സ്റ്റാൻലി, ആദ്യമായി ഒരു കടയിലെ കൂലിപ്പണിക്കാരനായി നിന്നു. പിന്നീടു ഒരു കപ്പലിലെ ജോലിയിൽ ഏർപ്പെട്ടു. ആ കപ്പൽ അമേരിക്കയിലെത്തിയപ്പോൾ അദ്ദേഹം അതിൽ നിന്നും ഇറങ്ങി, അവിടത്തെ ഒരു പ്രഭുവിന്റെ കീഴിൽ മറെറാരു പ്രവൃത്തിയിൽ പ്രവേശിച്ചു. ഉത്സാഹത്തോടും, കൃത്യവ്രതത്തോടു കൂടി അദ്ദേഹം ആ പ്രവൃത്തി നടത്തിവന്നതിനാൽ പ്രസ്തുത പ്രഭുവിന്റെ പ്രത്യേക പ്രീതിക്കും, വിശ്വാസത്തിന്നും പാത്രമായി. അവിളംബം ആ പ്രഭു ലോകാന്തരം പ്രാപിച്ചപ്പോൾ സ്റ്റാൻലി വളരെ ക്ലേശിക്കുകയും, ഒരുനേരത്തെ ആഹാരത്തിനുപോലും നിവൃത്തിയില്ലാതെ കഷ്ടപ്പെട്ടുഴലുകയും ചെയ്തു.

ആയവസരത്തിൽ അമേരിക്കയിലെ അന്തരീക്ഷത്തിൽ പ്രചണ്ഡമായ ഒരു ഭിന്നതവാതമടിച്ചു. അമേരിക്കക്കാർ ഇരുകക്ഷികളായിത്തിരിഞ്ഞു രണരംഗത്തിറങ്ങി. സ്റ്റാൻലി അതിൽ ഒരുഭാഗത്തുചേർന്നു. അനിതരസാധാരണമായ ധൈര്യത്തോടും, ശൌര്യത്തോടുംകൂടി പൊരുതി. അതിന്നുപുറമെ ആ സമരത്തിന്റെ സ്ഥിതിഗതികളെസംബന്ധിച്ചു അപ്പപ്പോൾ ശ്രദ്ധേയമായ ലേഖനങ്ങളും എഴുതിക്കൊണ്ടിരുന്നു. പത്രപാരായണന്മാരെല്ലാം അദ്ദേഹത്തിന്റെ ലേഖനങ്ങളെ സതൃഷ്ണം വായിക്കാറുണ്ടായിരുന്നു. തദ്വാരാ സ്റ്റാൻലി അമേരിക്കാക്കാരുടെ അകളങ്കമായ അഭിനന്ദനാദരങ്ങൾക്കർഹനായി ഭവിച്ചു.

1867-ൽ വീണ്ടും അവിടെ ഒരു യുദ്ധം നടന്നു. അന്നു സ്റ്റാൻലി, "ന്യൂയാർക്ക് ഹെറാൾഡ്" പത്രത്തിന്റെ പ്രതിനിധിയായിരുന്നു യുദ്ധരംഗങ്ങളിൽ അദ്ദേഹംതന്നെ നേരിട്ടുപോയി വർത്തകൾ ശേഖരിച്ചെഴുതേണ്ടിയിരുന്നു. വിഷമബഹുലവും; വിപൽ സങ്കീർണ്ണവുമായ ഒരു കൃത്യഭരമായിരുന്നു അതു്. സ്റ്റാൻലി എത്രയും ധീരോദാത്തതയോടുകൂടി പ്രശംസനീയമായ വിധത്തിൽ അതു നിർവ്വഹിച്ചു.

അനന്തരം സ്റ്റാൻലി, സ്പെയിനിൽ ചെന്നു അവിടത്തെ ചില പ്രധാന പ്രശ്നങ്ങളെപ്പററി പ്രൌഢങ്ങളായ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. അങ്ങിനെയിരിക്കെയാണ് ആഫ്രിക്കയിലേക്കുപോയിരുന്ന "ലിവിംഗ്സ്റ്റൻ" എന്ന ഇംഗ്ലീഷ് പാതിരിയെ കണ്ടുപിടിപ്പാൻ അദ്ദേഹം നിയോഗിതനായതു്. ലിവിംഗ്സ്റ്റൻ അജ്ഞാനതമോമയന്മാരായ ആഫ്രിക്കക്കാർക്കു മതോപദേശം നൽകുവാൻ പോയതായിരുന്നു. കുറെക്കാലമായി അദ്ദേഹം അവിടെനിന്നു തിരിച്ചുവരാതിരുന്നതിനാൽ അദ്ദേഹത്തിന്റെ കഥ അറിവാനുള്ള ഉൽക്കണ്ഠ ജനതാമദ്ധ്യേ വർദ്ധിച്ചു. അയാളെ കാണണമെങ്കിൽ ആഫ്രിക്കയുടെ മദ്ധ്യഭാഗത്തു് ചെല്ലേണ്ടിയിരുന്നു. ദുർഗ്ഗമവും, ദുർഘടവുമായ ഒരു ദിക്കാണതു്. സ്റ്റാൻലിയെ അങ്ങോട്ടയച്ചാൽ അജ്ഞാതവും, അത്ഭുതാവഹവുമായ അവിടത്തെ പല സംഗതികളും അദ്ദേഹം ഹെറാൾഡ് പത്രത്തിൽ എഴുതുമെന്നും, തന്നിമിത്തം ഹെറാൾഡ് പത്രത്തിന്നു നല്ല ചെലവും, പ്രചാരവും സിദ്ധിക്കുമെന്നുമായിരുന്നു ആ പത്രഉടമസ്ഥന്റെ പ്രതീക്ഷയും പ്രത്യാശയും.

സ്റ്റാൻലി മദ്ധ്യാഫ്രിക്കയിൽ കാലെടുത്തുവെച്ചു. വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞിരുന്നതും, ഹിംസ്രജന്തുക്കൾ നടമാടിക്കൊണ്ടിരുന്നതുമായ ആ ഘോര കാന്താരത്തിൽക്കൂടി ഏകനായി യാത്ര ആരംഭിച്ചു. എന്തൊക്കെയാണ് സംഭവിക്കുകയെന്നോർക്കാൻ വയ്യായിരുന്നു. പ്രാണനെ പണയപ്പെടുത്തിക്കൊണ്ടുള്ള ഒരു യാത്രയായിരുന്നു അതു്. സ്റ്റാൻലി നിർഭയനായി മുന്നോട്ടുതന്നെ ഗമിച്ചു. അസഹ്യമായ ക്ഷുൽപിപാസങ്ങളും, ബുദ്ധിമുട്ടുകളും അനുഭവിച്ചു, ലിവിംഗ്സ്റ്റനെ കണ്ടുപിടിച്ചു. വേണ്ടപോലെ ഭക്ഷണപദാർത്ഥങ്ങൾ കിട്ടായ്കയാൽ ശോഷിച്ചു, വെറും അസ്ഥിശേഷനായി കിടക്കുകയായിരുന്നു അദ്ദേഹം. സ്റ്റാൻലി അദ്ദേഹത്തെ കൂട്ടിക്കൊണ്ടു മടങ്ങി. മടക്കത്തിൽ നീൽ (നൈൽ) നദിയെപ്പററിയും മററും പര്യന്വേഷണം നടത്തി, പല വസ്തുതകളും പ്രസിദ്ധപ്പെടുത്തി. അതുമുതൽ അമേരിക്കക്കാരും, യൂറോപ്യരും ഒരുപോലെ സ്റ്റാൻലിയെ ശ്ലാഘിച്ചുതുടങ്ങി


ആഫ്രിക്കയിലെ മററുചില സംഗതികൾകൂടി അന്വേഷിച്ചറിയേണ്ടതിന്നു സ്റ്റാൻലിയെ രണ്ടാമതും അങ്ങോട്ടയച്ചു. ഈ പ്രാവശ്യം അദ്ദേഹം കൂടുതൽ തടസ്സങ്ങളോടും, ബുദ്ധിമുട്ടുകളോടും മല്ലിടേണ്ടിവന്നു. ചെവ്വുള്ള നിരത്തുകളും, പാതകളോ ഇല്ല. വന്യജന്തുക്കളിൽനിന്നെപ്പോഴും രക്ഷതേടേണ്ടിയിരുന്നു. വിശപ്പടക്കുവാൻ ചിലപ്പോൾ ഒന്നും കിട്ടിയിരുന്നില്ല. സ്റ്റാൻലിയല്ലാതെ മറെറാരവിടെ പോയിരുന്നാലും ജീവനോടുകൂടി തിരിച്ചുവരികയില്ലെന്നു പറയപ്പെടുന്നു. സ്റ്റാൻലി, അചഞ്ചലമായ കരളുറപ്പോടും, അസാധാരണമായ ഉത്സാഹശീലത്തോടും കൂടി അവിടെ പലേടത്തും സഞ്ചരിച്ചു, നിർദ്ദിഷ്ട സംഗതികളെപ്പററി വിശദമായ വിവരങ്ങൾ സമ്പാദിച്ചു വിളംബരപ്പെടുത്തി.

1878-ൽ സ്റ്റാൻലി വീണ്ടും കാംഗൊ പ്രദേശത്തുചെന്നു ചില വ്യാപാര കേന്ദ്രങ്ങൾ ഏർപ്പെടുത്തി. 1887-ൽ ഒരു യൂറോപ്യൻ ഉദ്യോഗസ്ഥനെ കണ്ടുപിടിപ്പാൻ സ്റ്റാൻലി പിന്നെയും ആഫ്രിക്കയിൽ പ്രവേശിച്ചു; പലേടത്തും തിരഞ്ഞു കഷ്ടപ്പെട്ടു. അവസാനം ആ ഉദ്യോഗസ്ഥനെ കണ്ടുമുട്ടി അദ്ദേഹത്തെ കൂടെ കൊണ്ടുപോരുവാൻ ചില ശത്രുക്കളുമായി പോരാടി; വിജയപരിലാളിതനായി ലണ്ടനിൽ വന്നുചേർന്നു.

സ്റ്റാൻലിയുടെ വിശ്രുതി വിശ്വമെങ്ങും വ്യാപിച്ചു. സകല വർഗ്ഗക്കാരും അദ്ദേഹത്തെ സഹർഷം സ്വാഗതംചെയ്തു. ഭൂമിശാസ്ത്ര സമിതിക്കാർ അദ്ദേഹത്തെ അത്യധികം ആദരിച്ചു. "സർ" എന്ന ബഹുമതിപ്പട്ടവും അദ്ദേഹത്തിനുലഭിച്ചു. 1855ൽ പാർലിമെന്റിൽ ഒരംഗമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വിക്ടോറിയ മഹാരാജ്ഞിയും, സ്റ്റാൻലിയെ സവിശേഷം അഭിനന്ദിക്കുകയുണ്ടായി.

ഇങ്ങിനെ അനാഥനും, അസാരനുമായിരുന്ന സ്റ്റാൻലി, തന്റെ ഉത്സാഹം, പരിശ്രമം, ധൈര്യം ആദിയായ ഗുണവിശേഷങ്ങളാൽ അഭ്യുന്നതനും, അഭിവന്ദ്യനുമായ ഒരു മഹാനായിത്തീർന്നു.

---



ബഹു മി: രാജഗോപാലാചാരി

മദ്രാസ് പ്രധാന മന്ത്രി ബഹു. മി രാജഗോപാലാചാരി ഒക്ടോബർ 16-ാംനു മലബാറിലേക്കു വരുന്നു.

## വിഷയവിവരം


| | പേജ |
|---|---|
| കവിതാപംക്തി | 3 |
| ഗോണ്ടൽ | 4 |
| കമാലിന്റെ ബാല്യം | 5 |
| സർ, സ്റ്റാൻലി | 6 |
| മുഖപ്രസംഗം | 8—9 |
| ക്ഷണനം (ചെറുകഥ) | 10 |
| വിവിധശകലങ്ങൾ | 12 |
| ശിശുപരിപാലനം | 13-14 |
| വാരവൃത്താന്തസംഗ്രഹം | 15 |



# പ്രകാശം

1113 കന്നി 10


## മദ്രാസ് അസംബ്ളിയിൽ ഒരു കൊടുങ്കാററ്

പുതിയ മദ്രാസ് അസംബ്ളി സന്ദർശിക്കുന്ന ഒരാൾക്കു് പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നതു് ഹിന്ദുക്കളുടെ ഒരു പൌരാണിക ഭജനമന്ദിരം സന്ദർശിക്കുന്നതായിട്ടാണ്. വിവിധ വിഭൂതികളാൽ വിഭൂഷിതരും നാടൻ വേഷാലംകൃതരും ആയ ഒരു വലിയ ഭൂരിപക്ഷം ഹിന്ദുക്കളുടെ ഇടയിൽ അങ്ങിങ്ങായി അതിഥികളാണോയെന്നു തോന്നുമാറു ഏതാനും മുസ്ലിം—ക്രൈസ്തവ മാന്യന്മാർ ഇരിക്കുന്നതു കാണാം. നടപടികളിൽ ലേശവും ചൈതന്യം ഇല്ലതന്നെ. ഏതൽ സ്ഥാപനങ്ങളിൽ അനുസ്യൂതമായി കാണാവുന്ന വാദപ്രതിവാദങ്ങൾ കേൾക്കുവാനുള്ള കൌതുകത്താൽ അസംബ്ളി സന്ദർശിക്കുന്നവർ നിറഞ്ഞ നിരാശയോടുകൂടി ഈ നേരമ്പോക്ക് കാണ്മാൻ കഴിയുകയില്ലായെന്നു കരുതി സമയം നഷ്ടപ്പെടുത്താതെ ഇറങ്ങിപോകാതിരിക്കുകയില്ല നിശ്ചയം. മിക്കവാറും കോൺഗ്രസ്സ് "തിരുവായ്ക്കു എതിർവാ" ഇല്ലാത്തവണ്ണമാണ് അവിടത്തെ ചെയ്തികൾ.

ഈ സമ്പ്രദായത്തിനു ഒരു മാററം ഈ കഴിഞ്ഞ വ്യാഴാഴ്ചയുണ്ടായി. അസംബ്ളിയിലെ ഏററവും പ്രായം കുറഞ്ഞ ഒരു മുസ്ലിം മെംബർ—മി: ലാൽജാൻ (ആന്ധ്റാ സ്വദേശി) —'വന്ദേമാതരഗാനം' പൊതു പ്രാർത്ഥനയായി നടത്തുന്നതിന്റെ അനൌചിത്യത്തെപ്പററി ചെയ്ത ചോദ്യം അസംബ്ലിയിൽ ഒരു കൊടുംകാററ് വീശിക്കുകയുണ്ടായി. സഭാ നടപടികൾ സമാരംഭിക്കുന്നതിനു മുൻപായി ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം 'വന്ദേമാതരം' പാടി പ്രാർത്ഥന നടത്തുന്നതു് ഒരു സാധാരണ നടപടിയാണ്. പ്രസ്തുത പ്രാർത്ഥന ബ്രിട്ടീഷു സ്വേഛാ പ്രഭുത്വത്തെഎതിർക്കുവാനുള്ള ഒരുആഹ്വാനം ആണെന്നും, അതു് ഇസ്ലാമിന്റെ നേരെയുള്ള ഒരു പോർവിളിയാണെന്നും, വെറുപ്പുളവാക്കുന്ന ഒരു ഗാനമാണെന്നും മററും പറഞ്ഞു മി. ലാൽജാൻ അതിനെ എതിർക്കുകയും, ഇതര മതസ്ഥരുടെ മതമനോഭാവത്തേയും, അഭിമാനത്തേയും, ക്ഷതപ്പെടുത്തുന്ന പ്രസ്തുത ഗാനം പൊതുപ്രാർത്ഥനയായി അംഗീകരിക്കുവാൻ പാടില്ലായെന്നും അദ്ദേഹം പ്രസ്ഥാവിക്കുകയും ചെയ്തു. ഇതൊരു ദേശീയഗാനമല്ലെന്നുള്ള പണ്ഡിററ് ജവഹരിലാലിന്റെ പ്രസ്താവനയെ മി. ലാൽജാൻ ഉദ്ധരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ തന്റെതീരുമാനം പിന്നീടുപറയാമെന്നുപ്രസ്താവിച്ചുകൊണ്ടു മിസ്സസ് ലക്ഷ്മി ശംകരഅയ്യരോടു പ്രാർത്ഥന നടത്തുവാൻ ആവശ്യപ്പെട്ടു. ഉടൻ മി· ലാൽജാൻ പ്രതിഷേധഭാവത്തിൽ അസംബ്ളിയിൽനിന്നു ഇറങ്ങിപ്പോയി അഹിന്ദുക്കളായ അസംബ്ളി മെംബരന്മാർ സാധാരണ ഈ പ്രാർത്ഥനയ്ക്കു ശേഷമാണ് സഭയിൽ സംബന്ധിക്കുന്നതു്.

ഇതിനെ തുടൎന്നു വലിയ വാദപ്രതിവാദം ഉണ്ടായി. മി. ലാൽജാൻഅസംബ്ളിയെ അപമാനിച്ചുവെന്നും അതിനാൽ ക്ഷമായാചനം ചെയ്യണമെന്നും സ്പീക്കർ കല്പിച്ചു. ഇതരമുസ്ലിം മെംബരന്മാരുടെ എതിർപ്പുകൊണ്ടും, പ്രധാനമന്ത്രിയുടെ നയവിശേഷംകൊണ്ടും അനിഷ്ടഫലങ്ങൾക്കിടയാക്കാതെ മി. ലാൽജാൻ തന്റെ പ്രസ്ഥാവനയെ പിൻവലിക്കുകയും, സ്പീക്കർ അതുകൊണ്ടു തൃപ്തിപ്പെടുകയുംചെയ്തു

ഇതിൽനിന്നും, അസംബ്ളിയിലെ മററനുഭവങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടതു് സാത്വികമായ ഒരു ഹൈന്ദവഛായ അവിടെ എല്ലാകാര്യങ്ങളിലും നടമാടുന്നുവെന്നാണ്. നാനാജാതിമതസ്ഥരായ ജനതയെ പ്രതിനിധീകരിക്കുന്ന ഒരു അസംബ്ളിയിൽ, ഒരു വൎഗ്ഗത്തിന്റെ മഹത്വത്തെ പ്രകീൎത്തനം ചെയ്യുന്നതും ആ വൎഗ്ഗം ആരാധിക്കുന്ന കല്ലു, കരടു കാഞ്ഞിരക്കുററി, മുള്ളു, മുരടു,മൂക്കൻ, പാമ്പു തുടങ്ങിയുള്ളവയെ വാഴ്ത്തുന്നവയുമായ ഒരു ഗാനം അതു് അവൎക്കു് എത്ര പുളകോൽഗമയായിരുന്നാലും പൊതുപ്രാർത്ഥനയായിനടത്തുന്നതു് ഇതരമതസ്ഥരുടെ അഭിമാനത്തിന്റെ നേരേ ചേർകോരിയെറികയാണെന്നു അധികൃതന്മാർ മനസ്സിലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഈസംഭവത്തെതുടൎന്നു മി. സ്പീക്കർ ചെയ്ത പ്രസ്ഥാവനയിൽ ഖുർആനിൽനിന്നും ബൈബിളിൽനിന്നും ഓരോദിവസം ഉദ്ധരണികൾ ഉപയോഗിച്ചു പ്രാർത്ഥന നടത്തുവാനുള്ള മാൎഗ്ഗത്തെപ്പററി ആലോചിച്ചു വരുന്നുവെന്നു പറയുകയുണ്ടായി.

ഈ അവസരത്തിൽ ഞങ്ങൾക്കു പറയുവാനുള്ളതു് ഒരാഭ്യന്തരകലഹത്തിനു കോപ്പു കൂട്ടുവാൻ മദ്രാസിലെ കാൺഗ്രസ്സു ഗവർമ്മേണ്ടു് തുനിയരുതെന്നാകുന്നു. ഞങ്ങളുടെ അറിവു് ശരിയെങ്കിൽ കാൺഗ്രസ്സുകാരുടെ ഇടയിൽതന്നേയും, മന്ത്രിസഭയുടെ ചെയ്തികളിൽ വെറുപ്പും, അറപ്പും ഉള്ളവർ വളരെയുണ്ടു്. ഗവർമ്മെണ്ടിന്റെ ചില പ്രവൃത്തികൾ ഏകവൎഗ്ഗമേധാവിത്വം ഉളവാക്കുമോയെന്നുള്ള ഉൽക്കണ്ഠ ഏവൎക്കും ഉണ്ടാകുന്നുണ്ടു്. ഇന്നതു് അഭിമാനികളുടെ ഹൃദയങ്ങളിൽ വിചാരവിപ്ലവം ഉണ്ടാക്കിവരുന്നു. അതു പൊട്ടിപുറപ്പെട്ടു ഈ രാജ്യത്തു വലിയ അനിഷ്ടഫലങ്ങൾക്കു ഇടയാക്കാതെ ഇരിക്കുവാൻ മി. രാജഗോപാലാചാരിയും, സഹാക്കളും ശ്രമിക്കട്ടെ.!

## കുറിപ്പുകൾ

### ആ നിർഭാഗ്യം വീണ്ടും

കൊച്ചിയിൽ പ്ലേഗ്ബാധ വീണ്ടും ആരംഭിച്ചിരിക്കുന്നുവെന്നും തൻമൂലം രണ്ടാൾ മൃതിപ്പെട്ടിരിക്കുന്നുവെന്നും ഉള്ള വൎത്തമാനം ഏററവും സംഭ്രമജനകമായിരിക്കുന്നു. ഈ കഴിഞ്ഞ അവസരത്തിൽ ഈ നിർഭാഗ്യകരമായ ദീനത്തിന്റെ പേരിൽ എന്തെല്ലാം ദുരിതങ്ങൾ ഈ നാട്ടുകാർ അനുഭവിച്ചുവെന്നുള്ളതു് മറക്കുവാൻ ഇനിയും കാലമായിട്ടില്ല. പ്ലേഗ്ബാധ പടൎന്നുപിടിക്കാതെ ആരംഭത്തിൽതന്നെ ഹെൽത്തുഡിപ്പാർട്ടുമെൻറും മുൻസിപ്പൽ അധികൃതരും വേണ്ട മുൻകരുതലുകൾ യഥായോഗ്യം ചെയ്തുവരുന്നുവെന്നുള്ളതു് ആശാസ്യമായിരിക്കുന്നു. കച്ചവടത്തിനുംമററും യാതൊരു ദോഷവും വരാത്തവണ്ണം കാൎയ്യങ്ങൾ ശ്രദ്ധയോടുകൂടി ചെയ്യുവാൻ ഗവർമ്മേണ്ടു ഉൽസാഹിക്കേണ്ടതാണ്. ക്രൂലംകഷമായ ഗവേഷണങ്ങൾക്കു ശേഷമല്ലാതെ കർശനങ്ങളായ നിയമങ്ങൾ നടപ്പിലാക്കുവാൻ ഗവർമ്മേണ്ടു് തയ്യാറാവരുതു്. കൊച്ചി-മട്ടാഞ്ചേരി പ്ലേഗ്ബാധിതമായ പട്ടണമെന്നു പ്രഖ്യാപനംചെയ്താൽ അതുമൂലമുണ്ടാകുന്നദുരിതങ്ങൾ ദുരന്തങ്ങളായിരിക്കുന്നതാണ്. മട്ടാഞ്ചേരിയുടെ കച്ചവടത്തിനുതട്ടുന്നപാടുംഈരാജ്യത്തെമാത്രമല്ല, ലോകകമ്പോളത്തെത്തന്നെ സാരമായിസ്പർശിക്കുന്നനിലയിൽ, മട്ടാഞ്ചേരി കച്ചവടത്തിൽ ഉയൎന്നിട്ടുണ്ടു്. ആയതിനാൽ ഈ വിഷയത്തിൽ ഗവർമ്മേണ്ടും, മുൻസിപ്പാ

ലിററിയും അംഗീകരിക്കുന്ന മാർഗ്ഗങ്ങൾ അവധാനപൂർവ്വമുള്ള പരിചിന്തനത്തിനുശേഷം മാത്രമേ ആകാവൂവെന്ന് ഗവർമ്മേണ്ടിനേയും മൻസിപ്പാലിററിയേയും ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

### ജനാഭിപ്രായത്തെ ആദരിക്കുന്നു

സർ, ഷൺമുഖത്തിൻെറ ഗവർമ്മെണ്ടു് ജനാഭിപ്രായത്തെ ആദരിക്കുവാൻ കൂടുതൽ ശ്രദ്ധിച്ചതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഭരണീയരും, ഭരണകർത്താക്കളും തമ്മിൽ കൂടുതൽ സൌഹാർദ്ദതയിൽ കഴിയുന്നതിനു പ്രതിബന്ധങ്ങളായി നിൽക്കുന്നവയെയെല്ലാം തട്ടിമാററണമെന്നു ഒന്നിലധികം പ്രാവശ്യം ഈ പംക്തികളിൽ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. തൃശ്ശിവപേരൂർ പൌര സ്വാതന്ത്ര്യസംഘം പ്രസിഡൻെറ്, മി. സി. ആർ. ഇയ്യുണ്ണിയുടെ പേരിൽ നിലനിന്നിരുന്ന കേസ്സു പിൻവലിച്ചു കൊണ്ടു ഗവർമ്മെണ്ടു് ചെയ്തിരിക്കുന്ന പ്രസ്താവന ജനങ്ങളുമായി സഹകരിച്ചു കഴിയുവാനുള്ള ഗവർമ്മെണ്ടിൻെറ സന്നദ്ധതയെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. ഈ നിലയിലുള്ള പോക്കു് വിജയകരമായിരിക്കുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

ഗവർമ്മെണ്ടിനു് പ്രത്യക്ഷത്തിൽ ചുമതലയില്ലെങ്കിലും, ഗവർമ്മെണ്ടിൻെറ വലിയ സ്വാധീനം ഉപയോഗിച്ചു, ഇന്നു നിലനിന്നു പോരുന്ന ഇതരകേസ്സുകളും ജനപ്രമാണികൾവഴി പിൻവലിപ്പിച്ചു, ഏകയോഗ ക്ഷേമത്തോടുകൂടിയ പുരോഗമനത്തിനു പര്യാപ്തമായ ഒരന്തരീക്ഷം ഈ നാട്ടിൽ സൃഷ്ടിക്കുവാൻ സർ, ഷൺമുഖം ഉത്സാഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

### അനുമോദനം

കൊച്ചിയിലെ ഒരു മാന്യ മുസ്ലിം കുഡുംബാംഗവും, വിദ്യാസമ്പന്നനും, യുവാവും ആയ മി. പി. എം. മായിൻകുട്ടി സാഹിബിനെ മട്ടാഞ്ചേരിയിലെ ഒരു സ്പെഷ്യൽ ഓണററി മജിസ്ത്രേട്ടായി നിയമിച്ചതിൽ മി. മായിൻകുട്ടി സാഹിബിനെ ഞങ്ങൾ അനുമോദിക്കുകയും, നിയമനത്തിൽ കാണിച്ച ഔചിത്യ ബോധത്തിൽ, അതിനുത്തരവാദികളായവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ നിയമനം പൊതുജനജീവിതരംഗത്തിലേക്കുള്ള ഒരു സ്വാഗതമായി മി. മായിൻകുട്ടി സാഹിബ് കരുതി പൊതുസേവനത്തിനു മുന്നോട്ടു വരുവാൻ ഞങ്ങൾ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു.

---

## ഡാക്ടർ കമാൽ മടങ്ങി എത്തി

പ്രകാശത്തിനു സ്വന്തമായി ഒരു പ്രസ്സ് വാങ്ങുവാൻ മദ്രാസിലേക്കു പോയിരുന്ന ഡാക്ടർ കമാൽ വെള്ളിയാഴ്ച മടങ്ങി എത്തിയിരിക്കുന്നു. പത്രം അടിക്കുന്നതിനും, ജാബ് വർക്കുകൾ ചെയ്യുന്നതിനും പററിയ എല്ലാ ഉപകരണങ്ങളും അദ്ദേഹം വാങ്ങിയിരിക്കുന്നു. സിലണ്ടർമെഷീൻ, ട്രെഡിൽ മെഷീൻ, കട്ടിംഗ് മെഷീൻ തുടങ്ങിയ ഉയൎന്ന സാമഗ്രികളാണ് വാങ്ങിയിരിക്കുന്നതു്.

ഈ കാര്യത്തിൽ മദ്രാസിലെ ചില മുസ്ലിം പ്രമാണികൾ അദ്ദേഹത്തെ കാര്യമായി സഹായിച്ചിരിക്കുന്നു. മെ. മുഹമ്മദ് ഇസ്മയിൽ സാഹിബ്, ബി. പോക്കർ സാഹിബ് എന്നിവരുടെ ഹൃദയപൂർവ്വമായ സഹായസഹകരണങ്ങൾ ഉദ്യമത്തിൻെറ വിജയത്തിനു ഡാക്ടർക്കു വളരെ സഹായിച്ചുവെന്നു കൃതജ്ഞതാപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സ്വന്ത പരിശ്രമം കൊണ്ടുയൎന്നു മദ്രാസിലെ മലയാളികൾക്കു് അഭിമാനിക്കാവുന്ന നിലയിൽ കഴിയുന്ന മി. എൻ. വി അബ്ദുല്ലാ സാഹിബ് തൻെറ മനോഹരമായ ബംഗ്ലാവും, കാറും ആളുകളേയും ഡാക്ടരുടെ ഉപയോഗത്തിനും ശുശ്രൂഷയ്ക്കും ആയി നീക്കി വെച്ചിരുന്നു. മുസ്ലിം പ്രമാണി പ്രമുഖനായ മി. ജമാൽ മുഹമ്മദ് തുടങ്ങിയുള്ള പലരുടേയും സൽക്കാരങ്ങളും, ഒത്താശകളും ഡാക്ടർക്കുണ്ടായിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

---

## മട്ടാഞ്ചേരിയിൽ പ്ലേഗ്

പ്ലേഗെന്ന മഹാമാരി, മട്ടാഞ്ചേരിയിലാരംഭിച്ചിരിക്കുന്നതായി പറയുന്നു. രോഗമായി മരിച്ച രണ്ടുപേൎക്കു പ്ലേഗ് രോഗാണുക്കൾ ഉള്ളതായിട്ടാണ് പരിശോധനയിൽ പറയുന്നതു്. ഗൌഡസാരസ്വത സമുദായാംഗമായ ഒരാളെ പ്ലേഗ് രോഗം മൂലം, ഐസലേഷൻ ഷെഡ്ഡിൽ കൊണ്ടുവന്നു ചികിത്സിച്ചു. എങ്കിലും മരിച്ചുപോയി. മട്ടാഞ്ചേരിയിൽ വേറൊരു ഇസ്ലാമിൻെറ മരണവും പ്ലേഗ് മൂലമാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. പ്ലേഗ് നിരോധനത്തിനു മട്ടാഞ്ചേരി മുൻസിപ്പാലിററി, പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിച്ചു വേണ്ട കരുതലുകൾ ചെയ്തു തുടങ്ങിയിരിക്കുന്നു. തിരുവിതാംകൂർ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ സ്ഥലത്തെത്തി വേണ്ട അന്വേഷണങ്ങൾ നടത്തി മടങ്ങിയിരിക്കുന്നു. അതിർത്തിയിൽ വേണ്ട മുൻകരുതലുകൾ അവർ ചെയ്യുന്നതായിരിക്കുമെന്നറിയുന്നു. എറണാകുളം മുൻസിപ്പാലിററിയും പ്ലേഗ് നിരോധന ശ്രമങ്ങൾക്കു വേണ്ട തീരുമാനം ചെയ്തതായി അറിയുന്നു.



ജനാബ് എം. ഏ. ഷക്കൂർ ബി. ഏ.

ഒരുനല്ല വാഗ്മിയും സാഹിത്യരസികനും ആയ ഈ യുവാവിനെ ഉത്തരേന്ത്യയിലെ കത്തിയവാർ സ്റ്റേററിലെ റെഡിസൻസിയിൽ ഒരുദ്യോഗസ്ഥനായി നിയമിച്ചിരിക്കുന്നു. മി. ഷക്കൂർ അങ്ങോട്ടു പുറപ്പെട്ടിരിക്കുന്നു.

---

### മടക്കികൊടുക്കുന്നു.

സിവിൽ നിയമ ലംഘനത്തിൽ പങ്കെടുത്ത അനേകം കൃഷിക്കാരുടെ ഭൂസ്വത്തുക്കൾ ഗവർമ്മേണ്ടു് പിടിച്ചടക്കി വിററുകളഞ്ഞിട്ടുണ്ടല്ലൊ. ഈ ഭൂസ്വത്തുക്കളെ ഗവർമ്മെണ്ടു് ഇപ്പോൾ വിലക്കുവാങ്ങി, അവയുടെ ആദ്യത്തെ ഉടമസ്ഥൎക്കു മടക്കിക്കൊടുക്കേണ്ടതാകുന്നുവെന്ന പ്രമേയം ബോമ്പെ അസംബ്ലി പാസാക്കിയിരിക്കുന്നു. രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി കഷ്ടപ്പാടു സഹിക്കേണ്ടിവന്ന എല്ലാവൎക്കും ഗവർമ്മെണ്ടിൻെറ ഈ സൌജന്യം ബാധകമായിരിക്കേണ്ടതാണ് എന്ന ഭേദഗതി ശ്രീമാൻ ജമനദാസ് മേത്തയാണ് അവതരിപ്പിച്ചതു്. 85 പേർ എതിരായും 21 പേർ അനുകൂലമായും വോട്ടു ചെയ്തതനുസരിച്ചാണ് ആ ഭേദഗതി തള്ളിപ്പോയതു്.

### സൎവ്വേന്ത്യാ വിദ്യാഭ്യാസ സമ്മേളനം.

സർ പ്രഫുല്ല ചന്ദ്രറായിയുടെ അദ്ധ്യക്ഷതയിൽ വാർദ്ധയിൽവെച്ചു ഒക്ടോബർ 23-ാംനു-മുതൽ സമ്മേളിക്കുവാൻ പോകുന്ന മാർവാരി വിദ്യാഭ്യാസ സമാജത്തിൻെറ രജതജൂബിലിയോടനുബന്ധിച്ചു ഒരു സൎവ്വേന്ത്യാ വിദ്യാഭ്യാസ സമ്മേളനം കൂട്ടുവാൻ ശ്രമിച്ചു വരുന്നുണ്ടു്. ഇതിൻെറ അദ്ധ്യക്ഷത ഗാന്ധിജി വഹിക്കുന്നതായിരിക്കുമെന്നാണറിയുന്നതു്. ഇതിൽ ഇന്ത്യയുടെ ഇപ്പോഴത്തെ വിദ്യാഭ്യാസ രീതി തീരെ മാററി തൽസ്ഥാനത്തു ഒരു ദേശീയ വിദ്യാഭ്യാസ സമ്പ്രദായം സ്ഥാപിക്കണമെന്നുള്ള ഗാന്ധിജിയുടെ അഭിപ്രായത്തിനനുയോജ്യമായ ഒരു പദ്ധതി അവതരിപ്പിക്കുവാനാണുദ്ദേശിക്കുന്നതു്

ചെറുകഥ.

# ക്ഷണനം

(പി. ഗംഗാധരൻ)

പ്രിയ സഹോദരി,

, ഭവതിയുടെ സ്നേഹസന്ദേശം വന്നുചേൻറു. വിവിധ വികാരങ്ങളുടെ കലങ്ങിമറിഞ്ഞ കുത്തിഒഴുക്കിൽ, അതിലെ ഓരോ പദങ്ങളും ഉരുണ്ടൊഴുകി പോകുന്നതായി എനിക്കുതോന്നി. ഭവതിയുടെ വാദത്തങ്ങളേയും, ഹൃദയ സ്ഥിതികളേയും മററും വിവരിക്കുന്ന ഭാഗങ്ങൾ അനുപമമായ അത്ഭുതത്തോടുകൂടിയാണ് ഞാൻ വായിച്ചതു്. എൻെറ തൻേറടത്തെപ്പററി, എൻെറ കഴിവുകളെക്കുറിച്ചു, ഭാവിയിൽ കഴിയേണ്ട കാര്യങ്ങളെക്കുറിച്ചു നീണ്ടാലോചിച്ചിരിക്കുന്നു എന്നുള്ളതു് നിഷ്കപടമായ പ്രശംസയെ അർഹിക്കുന്നു. അതെ! ആ ചോദ്യം വളരെ ന്യായപൂർവ്വമാണ്. ജീവിതത്തിനുള്ള മാറ്റം—ഹാ! എത്ര കാര്യമായ ജീവിതപരിശോധന!!

ഭാവിയുടെ മടിയിൽ നമുക്കുവേണ്ടി എന്തെല്ലാം നിക്ഷേപിച്ചിരിക്കുന്നു എന്നോക്കാതെ എടുത്തുചാടുന്ന സാഹസപ്രവൃത്തികളുണ്ടു്. പരമാത്ഥം മറച്ചു, "ഉള്ളിൽ വിഷമായ്, മൊഴിയിൽ നല്ലനറുതേനായ്" മുഴുത്ത വഞ്ചനയുടെ തനിരൂപങ്ങളും സുലഭങ്ങളാണ്. ഇതൊന്നുമല്ലാതെ ഒരു നേർനയം സ്വീകരിച്ചതിലുള്ള അസാധാരണത്വം, ഒരു സംശയമല്ലെങ്കിൽ പ്രശംസിക്കാതിരിക്കാൻ കഴിയുന്നില്ല. അല്ലെങ്കിൽ ഞാനെന്തിനങ്ങിനെ പറയണം? അനവധി പെരുഞ്ചതികളുടെ ശവശരീരം ചവുട്ടി മുന്നോട്ടു കടന്നിട്ടുള്ള എൻെറ ഹൃദയത്തിൽനിന്നു ഇങ്ങിനെ ഒരു ഹിതപരിശോധനയുണ്ടാകുന്നതു വെറും സ്വാഭാവികം മാത്രമാണ്. അനുഭവങ്ങളിൽനിന്നാണ് ജീവിതപാഠമെടുക്കേണ്ടതെങ്കിൽ, ഞാൻ പറയുന്നതു തിച്ചയായും ഒരു കൂലംകഷപരിശോധനയ്ക്കു ശേഷമെ എന്തും ചെയ്തുകൂടൂ എന്നാണ്.

അച്ഛനമ്മമാരിൽ സ്വസന്താനങ്ങളുടെ രക്ഷകർത്തൃത്വം നിലനിൽക്കുന്നതു് ഇന്നത്തെ ദുഷിച്ച സമുദായഘടനയിലെ കുഡുംബജീവിതക്രമമനുസരിച്ചാണ്. അല്പം ചിലർക്കു സാമൂഹ്യമായും, സാമ്പത്തീകമായും അമിതസ്വാതന്ത്ര്യം നൽകിയിരിക്കുന്നതാണ് ഇന്നത്തെ സാമൂഹ്യ ജീവിതത്തിലെ ഏററവും ഭീകരമായവശം. തൻമൂലം വ്യക്തികളുടെ ജീവിത സ്വാതന്ത്ര്യം സർവ്വവിധേനയും അല്പം ചിലരപഹരിച്ചെടുക്കുകയാണു ചെയ്യുന്നത്. അനേകംപേരുടെ ന്യായമായ അവകാശങ്ങളെ കവർന്നെടുത്തല്ലാതെ അല്പം ചിലക്ക് അമിതഭോഗത്തിലാറാടുവാൻ കഴിയില്ലെന്നുള്ളതു സ്പഷ്ടമാണ്. ഈ സ്ഥിതി മാറുമ്പോൾ, മാററുമ്പോൾ രക്ഷകർത്തൃത്വത്തെപ്പററിയുള്ള ശങ്കയും അസ്തമിക്കും. പക്ഷെ നമ്മെ, നാമാക്കിയ ഗുരുക്കന്മാരാണു അവർ. അവക്ക് ഇഷ്ടമില്ലാത്തതു്, അവരെ വേദനിപ്പിക്കുന്നതു് ഒന്നുംതന്നെ ചെയ്തുകൂടാത്തതാകുന്നു. അവരുടെ അനുഗ്രഹത്തോടും, അനുമതിയോടുംകൂടി വത്തിക്കുന്നതാണ് ശുഭവും തൃപ്തികരവും. അല്ലാത്തതെന്തു നിന്ദ്യമായ നന്ദികേടാണ്.?

ഇന്നത്തെ രക്ഷകർത്തൃത്വത്തിലുള്ള ഒരു വലിയ ദോഷം, ആശ നയിച്ച ഭാവിയാണ് അതിനുള്ളതെന്നതാണ്. അവരുടെ കാലം കഴിഞ്ഞാൽ, അല്ലെങ്കിൽ, ഞങ്ങളുടെ കാലം കഴിഞ്ഞാൽ എന്തുചെയ്യും? എന്നു് രക്ഷിതാക്കൾക്കും, രക്ഷകത്താക്കൾക്കു തുല്യമായ ഭീതിയാണന്നുള്ളതു്. ഈ ഭീതിക്കു കാരണം, വ്യക്തികൾക്കു കുഡുംബത്തോടല്ലാതെ സമുദായത്തോടു ബന്ധമില്ലായ്ക കൊണ്ടാണ്. ഇന്നത്തെ സാമുദായിക നിബന്ധന അനുസരിച്ചു കുഡുംബങ്ങൾക്കു സമുദായവുമായി ബന്ധമുണ്ടാകുകയുമില്ല. അപ്പോൾ സഹതാപാർഹമായ ഈ നിലയിൽ ഒരു രക്ഷിതാവിനെ കണ്ടുപിടിക്കാനുള്ള അവകാശം ഇല്ലെങ്കിലും പൂർണ്ണമായ ചുമതലയും സ്വന്തമായുള്ളതാണെന്നാണ് എനിക്കു പറയാനുള്ളതു്, അതെ, ഒരു വള്ളിയിൽനിന്നു മറെറാരുവള്ളിയെ ശരണീകരിക്കുമ്പോൾ അതിനു നല്ലുറപ്പുണ്ടൊ എന്നു പരീക്ഷിക്കേണ്ടതുണ്ടു്.

ആരുടെയെങ്കിലും രക്ഷകർത്തൃത്വം ഏറെറടുക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. അതായതു ഞാൻ ആരേയും എൻെറ സംരക്ഷണയിൽ നിത്തുവാൻ ഇഷ്ടപ്പെടുന്നില്ല. സ്നേഹത്തിൻെറ അടിസ്ഥാനതത്വത്തിനു അതു വിരുദ്ധമാണ്. സ്നേഹം, ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ പിടിച്ചുപറിച്ചുകൂടല്ലൊ. അവരവരുടെ അഭിമതസിദ്ധിയിൽ വ്യക്തികൾ സ്വതന്ത്രരായിരിക്കണം. കവികൾ വർണ്ണിക്കുന്ന സ്നേഹം ഗ്രന്ഥങ്ങളിലല്ലാതെ അനുഭവത്തിൽ കണ്ടിട്ടില്ല. എനിക്കനുഭവപ്പെടാത്തതുണ്ടാവാൻ പാടില്ലാത്തതാണെന്നു് എനിക്കു അഭിപ്രായമില്ലെങ്കിലും, പ്രേമം വെറും ആശയുടെ നിർവൃതി, തൃപ്തിയാണെന്നാണ്



എൻ. അബ്ദുറഹിമാൻ സാഹിബ്, ബി. എ. ബി. എൽ. എം എൽ. സി.
(തിരുവനന്തപുരം)
തിരുവിതാംകൂർ ശ്രീ ചിത്തിരസ്റ്റേയിററ് കൌൺസിൽ "സംയുക്തപാർട്ടി" ഡപ്യൂട്ടി ലീഡർ.

എൻെറ നീണ്ട ആലോചനയുടേയും പരിചയത്തിൻേറയും ഫലപ്രദമായ അനുഭവം. വിവാഹം, ജീവിതത്തിന്നൊരു കൂട്ടുകണ്ടുപിടിക്കൽമാത്രമാണ്. കൂട്ടുനന്നായിരിക്കേണ്ടതിനുവേണ്ട കരുതൽ ആവശ്യമാണെങ്കിലും ആ കൂട്ടിലാണ് സർവ്വരക്ഷയും എന്നു കരുതുന്നതബദ്ധമാണ്.

ജീവിതം വിചിത്രമായ ഒരു കലയാണു്. അതിൻെറ പഠനം, വളരെ ദുർഗ്ഗഹവുമാണ് അതിലുള്ള പരിചയക്കുറവും പാകതയില്ലായ്മയുംമൂലം, നേരത്തെ ഒരുശപഥം ചെയ്യുവാൻ, സത്യം അക്ഷരം പ്രതി പാലിക്കേണ്ടതാണെങ്കിൽ, വയ്യാത്തതാണ്.

സുഖവും ദുഃഖവും ഇടകലന്നതാണു ജീവിതം. അതിൽനിന്നു ഒന്നൊരണ്ടൊ വേക്കു ഒഴിഞ്ഞുനിൽക്കുവാൻ സാദ്ധ്യമാകുമോ? സുഖിക്കുവാൻ മാത്രമായി ജീവിക്കാം എന്നു കരുതുന്നവരുടെ അനുഭവം കടുത്തനിരാശയാണ്. വിശ്വസ്തരായ കൂട്ടുകാർ സുഖദുഃഖങ്ങൾ പങ്കിട്ടെടുത്തു അനുഭവിക്കുവാൻ തയ്യാറായിരിക്കണം. സുഖമായി കഴിച്ചുകൂടികൊള്ളാമെന്നുള്ള ഒരു ധാരണയോടുകൂടി ജീവിതമാരംഭിക്കുകയാണെങ്കിൽ, പൂവിരിച്ചതാണ് ജീവിതമാർഗ്ഗം എന്നു കരുതി യാത്രതുടങ്ങുകയാണെങ്കിൽ ക്ലേശത്തിൻെറനിഴൽപാടുകാണുമ്പോൾ, കല്ലുംമുള്ളും നിറഞ്ഞ പാതകൾ കാണുമ്പോൾ ഭവതി തളന്നു വീഴുകയില്ലേ എന്നാണെനിക്കു സംശയം. ജീവിതത്തിൻെറ വിജയത്തിനു വിപരീതമായി വരുന്ന ഏതുത

ശേഷം 12-ാം പെയിജിൽ

# ശിശുപരിപാലനം

(എം. മുഹമ്മദ വിദ്യാർത്ഥി, അചീശർ.)

ശിശുവിൻെറ ഭാവിരക്ഷക്കും ആരോഗ്യത്തിനും ശിശുപരിപാലനം വലിയ ഭാഗം അർഹിക്കുന്നുണ്ടു് എല്ലാവീട്ടിലും ഓരോ ശിശുവെങ്കിലുമുണ്ടാവും. അവരുടെ ആവശ്യത്തിനായി പ്രത്യേകം ഒരു മുറി ഉപയോഗപ്പെടുത്തണം. ആ മുറിക്കു കുറഞ്ഞതു രണ്ടു ജനവാതിലുകളും അതിൽക്കൂടി സൂര്യപ്രകാശം കിട്ടുന്നതുമായിരിക്കണം. കഠിനമായ സൂര്യപ്രകാശമുണ്ടെങ്കിൽ ജനവാതിൽ ചില്ലുകൊണ്ടടക്കണം. കുറഞ്ഞതു 20 മിനിററെങ്കിലും ശിശുവിന്നു ശുദ്ധവായു ലഭിക്കാൻവേണ്ടി ദിവസേന ജനവാതിൽ തുറന്നിടണം. മാർദ്ദവമായതും പഞ്ഞി നിറച്ചതും റബ്ബർ കൊണ്ടു മേൽഭാഗം മൂടിയതുമായ കിടക്കയാണു് ശിശുവിനെ കിടത്തുന്നതിന്നു് ഉത്തമമായിട്ടുള്ളതു്. ഒരിക്കലും ശിശുവിനെ തലയണയിന്മേൽ തലവെച്ചുറങ്ങുവാൻ അനുവദിക്കരുതു്. തന്നത്താൻ ഇരുന്നു തുടങ്ങുമ്പോൾ പിൻഭാഗത്തു ഒരു പഞ്ഞിതലയണ താങ്ങിനായി വെച്ചു കൊടുക്കാൻ വിരോധമില്ല. ശിശു ഉപയോഗിക്കുന്ന മുണ്ടോ മററു യാതൊന്നും ആ മുറിയിൽവെച്ചു കഴുകരുതു. മുലപ്പാലൊ മററു ഭക്ഷണമൊ മുറിയിൽവെച്ചു കൊടുക്കുന്നതിൽ വിരോധമില്ല. മേൽപറഞ്ഞവ മുഴുവനും എല്ലാവക്കും സാധിച്ചുവെന്നു വരികയില്ല. എങ്കിലും മേലുദ്ധരിച്ചതിൽ കവിയാത്ത ഏതെങ്കിലും സാദ്ധ്യമായ ഒരു ശുശ്രൂഷ ചെയ്യുവാൻ ഏതു ദരിദ്രനും സാധിക്കുന്ന ഒന്നാണ്.

പ്രത്യേകിച്ചു കുട്ടികളെ ഉമ്മവെക്കുവാനൊ, അതും വായയിൽ ചുംബിക്കാനൊ ആരെയും അനുവദിക്കരുതു്. ഈ വാചകം കൊണ്ടു ശിശുക്കളെ താലോലിക്കണ്ടെന്നർത്ഥമില്ല. ഉമ്മവെക്കൽ കൂടാതെതന്നെ അതിന്നു വേണ്ടമാർഗ്ഗങ്ങൾ വേറെയും ഉണ്ടു്. ശിശുക്കൾ കളിക്കോപ്പോ ബന്ധുക്കൾക്കും സ്നേഹിതന്മാൎക്കും കാഴ്ചവെക്കേണ്ട ഒരു സാധനമൊ അല്ലന്നു എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്. ശിശു മനുഷ്യന്നു ഏററവും വലിയ ഒരു നിധിയായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നതു്. ഒരു ചെറിയ ശിശു മിക്കസമയവും ഉറങ്ങിക്കൊണ്ടിരിക്കും. അല്ല, ഉണർന്നിരിക്കയാണെങ്കിൽ അതുശയനത്തിൽ വല്ലദൂഷ്യംകൊണ്ടോ അല്ലെങ്കിൽ വിശപ്പുകൊണ്ടോ ആയിരിക്കാനെവഴിയുള്ളൂ. ഒരു മാസംമാത്രം പ്രായമുള്ള കുട്ടികൾ സാധാരണയായിഉണർന്നിരിക്കും.

കൊട്ടവള്ളി(*Cord*) കൊഴിഞ്ഞുപോകുന്നതുവരെയും പൊക്കിൾ(*Nawel*) സുഖപ്പെടുന്നതുവരെയും ശിശുവിന്ന വെള്ളം ധാരാളമൊഴിച്ചു കുളിപ്പിക്കരുതു നനഞ്ഞ മുണ്ടുകൊണ്ടു മുഖം കൈകൾ, തല മുതലായ ഭാഗങ്ങൾ തലോടിയാൽ മതി. മാർദ്ദവമുള്ള ടവൽകൊണ്ടു ദിനംപ്രതി ഒലിവ് എണ്ണയൊ അല്ലെങ്കിൽ വെളിച്ചെണ്ണയൊ ദേഹത്തിൽ തലോടിയാൽ ദേഹം ശുദ്ധിപ്പെടുന്നതോടുകൂടി ഭാവിയിൽ ആരോഗ്യത്തിനും നല്ലതായിരിക്കും.

പൊക്കിൾ സുഖപ്പെട്ടതിന്നു ശേഷം ദിനംപ്രതി ശിശുവെ കുളിപ്പിക്കണം. കുളിപ്പിക്കുന്നതിന്നു നല്ലസമയം, ഭക്ഷണത്തിനുമുമ്പ് അതിരാവിലെയാണ്. ഭക്ഷണത്തിനുശേഷം ശിശുവെ കുളിപ്പിക്കുന്നതു തീരെ അബദ്ധമാണ്. കുളിക്കുവാനുപയോഗിക്കുന്ന സാധനങ്ങൾ കുളികഴിഞ്ഞയുടനെ വൃത്തിയായി സൂക്ഷിക്കണം

നന്നാലുമണിക്കൂറുകൾ കൂടുമ്പോൾ ശിശുവിനുഭക്ഷണംകൊടുക്കണം. രാത്രിയിൽ രണ്ടോ മൂന്നോ പ്രാവശ്യവും കൊടുക്കണം. ശയനത്തിൽ സുഖം, കുറഞ്ഞ ചൂടു മുതലായവയുണ്ടെങ്കിൽ ശിശു നല്ലവണ്ണമുറങ്ങും. ഭക്ഷണസമയങ്ങളിൽ രണ്ടോ മൂന്നോ പ്രാവശ്യ ഉണർത്തിയാൽ ശിശു തന്നത്താൻ ശീലിക്കും. ഭക്ഷണത്തിനുശേഷം ശയനം തന്നെ മാററണം. ഇടത്തുഭാഗംകൊണ്ടു ശയിച്ചിരുന്നുവെങ്കിൽ വലത്തുഭാഗത്തായി കിടത്തണം. ഭക്ഷണസമയങ്ങൾക്കിടയിൽ കരയുന്നുവെങ്കിൽ സ്ഥലംമാററിക്കിടത്തിയാൽ ശമിക്കും. അതുകൊണ്ടു ശമിച്ചില്ലെങ്കിൽ കമഴ്ത്തികിടത്തണം ശിശുക്കളെ ഭയപ്പെടുത്തി ഉറക്കരുതു്. സന്തോഷിപ്പിച്ചോ ഗാനംകൊണ്ടോ ഉറക്കണം. ഒരാഴ്ചക്കുശേഷം ശിശുവെ 4, 5 മിനിററു പുറത്തെങ്ങാനും കൊണ്ടുനടക്കണം. ഇതു ആരോഗ്യത്തെ സഹായിക്കും.

ശിശു ജനിച്ചയുടനെ ഉറക്കെ നിലവിളിക്കുന്നതു ശ്വാസകോശങ്ങൾക്കു വല്ല തടസ്സങ്ങളുമുണ്ടെങ്കിൽ നശിക്കാനാകുന്നു. നിലവിളിക്കാത്തപക്ഷം നിലവിളിപ്പിക്കണം. ദിവസംപ്രതി ഇരുപതോ ഇരുപത്തഞ്ചോ മിനിററു ഉറക്കെ നിലവിളിക്കാൻ അനുവദിക്കണം. (നിലവിളിക്കുന്നതു പൈശാചത്താൻ ഏററിട്ടല്ലാ) സാധാരണയുംവിട്ടു ശിശുക്കൾ കരയുന്നതു ഭയംകൊണ്ടോ, വിശപ്പുകൊണ്ടോ, ദേഷ്യംകൊണ്ടോ, ദാഹംകൊണ്ടോ ആയിരിക്കും. അല്ലാതെ മുസല്യാരെയൊ തങ്ങളെയൊ വിളിച്ചു നൂൽ മന്ത്രിപ്പിച്ചു കെട്ടാഞ്ഞിട്ടോ ഐക്കൽ കെട്ടിത്തൂക്കാഞ്ഞിട്ടോ ചൈത്താനെ നശിപ്പിക്കാൻ അസ്ഥാവു എഴുതാഞ്ഞിട്ടോ അല്ലെന്നു എല്ലാ മാതാക്കന്മാരുമറിഞ്ഞിരുന്നെങ്കിൽ ശിശുക്കൾ ആരോഗ്യമുള്ളവരായി തീരുന്നതു.

കൂടുതൽ നിലവിളിക്കയാണെങ്കിൽ വല്ല നനഞ്ഞ വസ്ത്രവും ദേഹത്തിലുണ്ടോ എന്നു നോക്കുക. ഉണ്ടെങ്കിൽ എടുത്തു മാററി പുതിയ ഒരു വസ്ത്രം അടിയിലിടുക. ഭക്ഷണ സമയമാണെങ്കിൽ ഭക്ഷണം കൊടുക്കുക. പിന്നീടും കരയുകയാണെങ്കിൽ മലമൂത്ര വിസർജ്ജനത്തിൻെറ തടസ്ഥംകൊണ്ടോ ദേഹത്തിൽ വേദനകൊണ്ടോ ആയിരിക്കും. വേദനകൊണ്ടാണെങ്കിൽ കാൽ വയററിന്മേൽ ഇട്ടടിക്കുന്നതു കാണാം. സപത്വെയുള്ള നിലവിളിയാണെങ്കിൽ. അല്ലെങ്കിൽ ദേഷ്യംകൊണ്ടാണെങ്കിൽ തിരിഞ്ഞു നോക്കുകയും കൂടി വേണമെന്നില്ല. വ്യായാമം ശിശുക്കൾക്കും ആവശ്യമാണ്. അവരുടെ വ്യായാമം കാലും കയ്യും ഇട്ടടിക്കുന്നതും നിലവിളിക്കുന്നതുമാണ്. എപ്പോഴും കൈമാറി ശിശുക്കളെ കൊടുക്കുന്നതും ദോഷമാണ്. കൈമാറുമ്പോൾ തലയും കഴുത്തും ഒരേ നിലയിലിരിക്കണം. ഏററവും കുറഞ്ഞ വസ്ത്രമാണ് ശിശുക്കൾക്കു നല്ലതു്. ഒരു മാർദ്ദവമുള്ള അരക്കുപ്പായം ഇതിന്നുത്തമമാണ്. മാതാക്കന്മാരാണ് ശിശുക്കളുടെ ആരോഗ്യത്തെ രക്ഷിക്കേണ്ടവർ. ശിശുക്കൾ സുഖക്കേടിൽപ്പെട്ടു കഷ്ടപ്പെടുന്നതു കണ്ടു വിഷമിക്കുന്നതിനേക്കാൾ മേലുദ്ധരിച്ചപ്രകാരം ശുശ്രൂഷിക്കുന്നതല്ലേനല്ലതു.

---

ഗസ്സാലീ സാഹിത്യം.

## ആത്മഭടന്മാരെക്കുറിച്ചുള്ള ഒരു ഉപമ

ഹൃദയത്തിൻെറ സൈന്യനിരകളെ പററി വിവരിക്കുക അത്ര എളുപ്പമല്ല. അതു വിസ്താരമേറിയ ഒരു വിഷയമാകുന്നു. കാര്യം കുറച്ചുകൂടി സ്പഷ്ടമാകുവാൻ വേണ്ടി അവയെ ഒരു ഉപമാരൂപേണ ഉദാഹരിക്കാം. മനുഷ്യശരീരം ഒരു രാജ്യമാണെന്നു സങ്കല്പിക്കുക. കൈകാലുകൾ അതിലെ തൊഴിലാളികളും ദേഹേച്ഛ നികുതി പിരിക്കുന്ന അധികാരിയും ആണെന്നു വിചാരിക്കുക. ബുദ്ധിരാജാവും വിവേകം മന്ത്രിയും കോപം പോലീസ്കാരനുമാകുന്നു. ചെറിയൊരു രാജ്യമായിരുന്നാൽക്കൂടി അവിടത്തെ ഭരണചക്ര നിയന്ത്രണത്തിന്നു ഈവിധം ഉദ്യോഗസ്ഥന്മാരെല്ലാം ആവശ്യമാണല്ലോ.

എന്നാൽ, ദേഹേച്ഛയാകുന്ന അധികാരി ദുർബ്ബുദ്ധിയും അസത്യവാനുമാണെങ്കിൽ ബുദ്ധിയാകുന്ന മന്ത്രിയെ വഞ്ചിച്ച്; കൃത്രിമവും കുതന്ത്രവും പ്രയോഗിച്ച്; രാജഭോഗത്തിൽ നിന്നും പണമപഹരിക്കുവാൻ ശ്രമിക്കുക സാധാരണയാണ്. കോപമാകുന്ന പൊലിസ്കാരനാകട്ടെ ഹിംസാ

തല്പരനും കഷ്ടതരമായ ദുഷ്ടതകൾ പ്രവർത്തിക്കുന്നതിന്നു കൂടി മടിയില്ലാത്തവനാണെന്നും കരുതുക.

അപ്പോൾ രാജാവ് എന്തുചെയ്യുന്നു? മന്ത്രി മുഖ്യനുമായി ആലോചിച്ചു രാജ്യകാര്യങ്ങൾ നിർവ്വഹിക്കുന്നു. കള്ളനും, കൊള്ളരുതാത്തവനുമായ അധികാരിയെ ഒതുക്കി നിർത്തുവാൻ ശ്രമിക്കുന്നു. മന്ത്രിക്ക് വിരോധമായി ആയാൾ പറയുന്ന അഭിപ്രായങ്ങളെ അവഗണിക്കുന്നു. എന്നിട്ടും ആയാൾ വിശ്വാസവഞ്ചനയിൽനിന്നും വിട്ടൊഴിയാത്തപക്ഷം പോലീസ് മേധാവി ദേഹേച്ഛയാകുന്ന അധികാരിയുടെ മേൽ വേണ്ട നടവടി നടത്തുകയും അദ്ദേഹത്തിന്നു അതിരു കടന്നു പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം വേണ്ടുന്ന നിവാരണങ്ങൾ ചെയ്കയും ചെയ്യുന്നു. അങ്ങിനെ സത്യമായും കൃത്യമായും വീണ്ടും രാജ്യഭരണം നിർവ്വഹിച്ചുപോരുന്നു.

ഏതാണ്ടു അതുപോലെയാണ് നമ്മുടെ ശരീര സാമ്രാജ്യത്തിൻെറ സ്ഥിതിയും. ബുദ്ധിയാകുന്ന രാജാവ് ഹൃദയസിംഹാസനത്തിലിരുന്നുകൊണ്ടു വിവേകമാകുന്ന മന്ത്രിയുടെ സഹായത്തോടുകൂടി ശരീരസാമ്രാജ്യകാര്യങ്ങൾ നിയന്ത്രിക്കുകയും അക്രമികളായ ദേഹേച്ഛ, കോപം, എന്നീ പോലീസ് അധികാരികളെ ചിന്താശക്തിയാകുന്ന പോലീസ് മേധാവിക്കു അധീനപ്പെടുത്തി തന്നെ താൻ നിയന്ത്രിച്ചു പോരുകയും ചെയ്യേണ്ടതാണ്. അങ്ങിനെ കാമക്രോധാദി ദുർഗ്ഗുണങ്ങളിൽനിന്നു സ്വന്തം ദേഹത്തെ അടക്കിഭരിക്കുവാൻ സാധിക്കുന്നവന്ന് എത്ര വലിയ സാമ്രാജ്യങ്ങളേയും നിഷ്പ്രയാസം കീഴടക്കുവാനും നിയന്ത്രിക്കുവാനും സാധിക്കുന്നതാണ്.

വിവേകമാകുന്ന മന്ത്രിയുടെ ബുദ്ധിപൂർവ്വം നിർവ്വഹിക്കപ്പെടുന്ന ഭരണനൈപുണ്യം കൊണ്ടു ശരീരസാമ്രാജ്യത്തിന്നകത്ത് നീതിബോധവും സത്യപ്രകാശവും പ്രചരിക്കുകമൂലം കാമക്രോധാദിദുർഭ്രുതങ്ങൾ അടങ്ങി ഒതുങ്ങിയിരിക്കയും അവനിൽ നിന്നുമുണ്ടായ ജ്ഞാനപ്രകാശത്താൽ അവൻെറ സൌഭാഗ്യജീവിതത്തിലെക്കുള്ള സുഗമമായ പാത അവൻ കണ്ടെത്തുകയും തൽഫലമായി സാക്ഷാലീശ്വര സന്നിധിയിലേക്ക് അവൻ എത്തിച്ചേരുകയും ചെയ്യുന്നു. പക്ഷെ, ഇതിന്നെതിരായി വിവേകമാകുന്ന മന്ത്രി പോലീസ്, അധികാരികളാകുന്ന കാമക്രോധദുർഭ്രുതങ്ങൾക്ക് അടിമപ്പെടുന്നപക്ഷം രാജ്യത്തിൽ അരാജകത്വം പ്രചരിക്കുകയും തന്മൂലം ആഭ്യന്തരകലഹങ്ങളും കലാപങ്ങളും ഉത്ഭവിക്കുകയും തന്നിമിത്തം ഭാഗ്യഹീനനായ രാജാവിനെ ദുരന്തദുഃഖ നിബിഡമായ നരകത്തിലേക്കു നാട് കടത്തപ്പെടുകയും ചെയ്യുന്നു.

---

## പള്ളികൾ മുമ്പിൽ വാദ്യം

കടപ്പജില്ലയിലെ മുദ്ധനൂർ ഗ്രാമത്തിലെ ഹിന്ദുക്കൾ, മുസ്ലിമിങ്ങളെ എതൃകക്ഷികളായി ചേർത്തു പള്ളിയുടെ മുമ്പിൽവച്ചു വാദ്യഘോഷം നടത്തുന്നതു സംബന്ധിച്ചു കടപ്പാജഡ്ജിയുടെ ഒരു വിധിയെ പുരസ്കരിച്ചു മദ്രാസ് ഹൈക്കോർട്ടിൽ നിന്നുണ്ടായ ഒരുവിധിയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:- കീഴ്ക്കോടതി വിധിയിലെ നിബന്ധന മുസ്ലിം പള്ളികളിൽ സാഘംചേർന്നുള്ള പ്രാർത്ഥന സമയങ്ങളിൽ, ഘോഷയാത്രക്കാർ സംഗീതം പള്ളികളുടെ മുമ്പിൽ മാത്രമല്ല ഗ്രാമത്തിലെ ഏതെങ്കിലും തെരുവുകളിലും നിറുത്തേണമെന്നു അർത്ഥം വരുന്നതായി ധരിക്കുവാൻ ഇടയുള്ളതാകയാൽ ആ നിബന്ധനയെ ഹൈക്കോർട്ട് ജഡ്ജിമാർ ഭേദഗതി ചെയ്യുകയും പള്ളികൾക്കു സമീപം 50 വാരക്കുള്ളിൽ ഘോഷയാത്രകൾ വാദ്യം നിറുത്തേണ്ടതാണെന്നു വിധിക്കുകയും ചെയ്തു. ഘോഷയാത്രകൾ വാദ്യം നിറുത്തേണ്ടതായ പ്രാർത്ഥന സമയങ്ങൾ നിർണ്ണയപ്പെടുത്തേണമെന്നും ഹർജിക്കാരും എതിർ ഹർജിക്കാരും ആവശ്യപ്പെടുന്നുവെങ്കിലും അതിന്നു വേണ്ടതെളിവു റിക്കാർഡിൽ ഇല്ല മേൽപ്പറഞ്ഞ ഭേദഗതിയോടുകൂടി ജഡ്ജിമാർ അപ്പീൽ ഹർജിയും എതിർ ഹർജിയും തള്ളിക്കളയുകയും ഉഭയകക്ഷികളും താന്താങ്ങളുടെ കോടതിച്ചിലവു സഹിക്കേണ്ടതാണെന്നു കല്പിക്കുകയും ചെയ്തു.

---

പലവക.

### ചൈനാ ജാപ്പാൻ യുദ്ധം

ജാപ്പാൻ വിമാനങ്ങൾ ദേശീയ ചൈനായുടെ തലസ്ഥാനമായ നാങ്കിങ്ങിലേക്കും പറന്നുവന്നു ആക്രമിക്കുവാൻ തുടങ്ങിയിട്ടുണ്ട്. പക്ഷെ ഈ വിമാനങ്ങളോടു എതിർത്തു പടവെട്ടുവാൻ നാങ്കിങ്ങിലും വിമാനങ്ങൾ തയ്യാറായി നില്ക്കുന്നു. വടക്കൻ ചൈനായിൽ ജാപ്പാന്ന് മുന്നോട്ടു കയററം തന്നെയാണ്. അവിടെയൊരിടത്തു അൻപതിനായിരത്തോളം വരുന്ന ഒരു ചൈനാപ്പട്ടാളത്തെ അപ്പുറവും ഇപ്പുറവും എതിർത്തു ഒററതിരിച്ചു വിഷമത്തിലാക്കുവാൻ ജാപ്പാൻകാർക്കു സാധിച്ചിരിക്കുന്നു. ഷാങ്ഹൈയിൽ ഭക്ഷണദൌർല്ലഭ്യം വല്ലാതെ ബാധിച്ചിരിക്കുന്നുവെന്നും തൻമൂലം ചൈനീസ് ഭാഗത്തേക്കു വിഷമതകൾ നേരിട്ടു തുടങ്ങിയിരിക്കുന്നുവെന്നും കാണ്മാനുണ്ട്. ജാപ്പാൻകാർ അവരുടെ ബ്ളോക്കെയ്ഡ് ഒന്നുകൂടി മുറുക്കിക്കൊണ്ടു വരികയാണ്. ചൈനാക്കാരും പലപല തന്ത്രങ്ങളും പ്രയോഗിക്കുന്നുണ്ട്. ചില അണക്കെട്ടുകൾ പൊട്ടിച്ചുവിട്ട് നദികളിൽ വെള്ളപ്പൊക്കമുണ്ടാക്കി ജാപ്പാൻസൈന്യത്തിൻെറ മുന്നോട്ടുള്ള ഗതിയെ തടസ്സപ്പെടുത്തുകയാണ് അവരുടെ ഇപ്പോഴത്തെ ഒരു തന്ത്രം.

### സ്പാനിഷ് കലാപം

സ്പെയിനിൽ ഇററലിയും ജർമ്മനിയും അന്യായമായി കയ്യേറി ലഹളക്കാരെ സഹായിക്കുന്നതിനെ സംബന്ധിച്ചു ലീഗ് അസംബ്ളി മുമ്പാകെ സ്പാനിഷ് ഗവർമ്മെണ്ടിൻെറ പ്രതിനിധി ഔദ്യോഗിക നിലയിൽ ആവലാതി ബോധിപ്പിച്ചിരുന്നു. പക്ഷെ പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും ചെയ്‌വാൻ ലീഗിൻെറ നില നിസ്സഹായമായെന്നാണ് ലീഗ് അസംബ്ളിയുടെ അഭിപ്രായം. സ്പെയിനിലെ കടലോരപ്രദേശത്തും കരയതിർത്തിയിലും ഉണ്ടായിരുന്ന കാവൽ കുറെ ആഴ്ചകളായി നിർജ്ജീവമായി പേരിന്നു മാത്രമായി നടക്കുകയായിരുന്നു. ഇപ്പോൾ ഈ കാവൽ അഭിനയം കേവലം വേണ്ടെന്നുവച്ചിരിക്കുന്നു. അറാഗൺ യുദ്ധരംഗത്തിൽ ഗവർമ്മെണ്ടിന്നു ഗണ്യമായ ചില വിജയങ്ങൾ ലഭിച്ചിട്ടുള്ളതായി വർത്തമാനറിപ്പോർട്ടിൽ കാണ്മാനുണ്ടു.

### അവരുടെ വിഷമം


ഇംഗ്ലണ്ടിൽ മാൻസ് ഫീൽഡിലെ ഒരു റേഡിയോ ഫാക്ടറിയിൽ പണിയെടുക്കുന്ന 500ലധികം യുവതികൾ വലിയ വിഷമത്തിലായിരിക്കുന്നു. ഇവർ ഫാക്ടറിയിലേക്ക് വരുമ്പോൾ മുഖത്തു പൌഡറും ചുണ്ടിന്മേൽ നിറംകൊടുക്കുന്ന ചായവും മററും തേച്ചുകൊണ്ടു വന്നുകൂടെന്നാണ് വ്യവസ്ഥ. താൻ ഇത്തരം വേഷമോടികൾക്ക് വിരോധിയായിട്ടൊന്നുമല്ലാ ഈ നിയമമെന്നു ഫാക്ടറിമാനേജർ ഈയിടെ പറയുകയുണ്ടായി. പ്രവൃത്തിശാലയിലെ അന്തരീക്ഷത്തിൽ ഒരുതരത്തിലുള്ള പൊടിയും ഇടകലരുവാൻ വഴിയുണ്ടാവരുതെന്നും മുഖത്തുനിന്നു തുളിയേക്കാവുന്ന പൌഡർതന്നെ ഫാക്ടറിയിലെ ചില നിർമ്മാണപദ്ധതികളെ തകരാറാക്കുവാൻ മതിയെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

### അവൾ ഭർത്താവാകുവാൻ പോവുന്നു

ന്യൂസലണ്ടിൽ വെല്ലിംഗ്ടണിലെ ഒരു യുവതി ഒരു വരൻെറ സ്ഥാനമെടുത്തു വിവാഹിതയാവാൻ പോവുന്നുവെന്നാണ് പത്രങ്ങളിൽ കാണുന്ന ഒരു റിപ്പോർട്ട്. അവളിൽ ബാല്യംമുതല്ക്കേ ശാരീരികമായ ചില പരിവർത്തനങ്ങൾ വരുവാൻ തുടങ്ങിയിരുന്നു. ക്രമേണ ഈ മാററങ്ങൾ അധികമധികം വ്യക്തമാവാൻ തുടങ്ങി. പക്ഷെ അവൾ ലജ്ജകൊണ്ടു ഇതു തുറന്നുപറഞ്ഞില്ല. അങ്ങിനെ കുറച്ച്കാലം കഴിഞ്ഞപ്പോഴെക്കും അവൾ തികച്ചും ഒരു പുരുഷനായി മാറി. ചില കൊല്ലങ്ങളായി അവൾ ഡോക്ടർമാരുടെ ഉപദേശമനുസരിച്ച് പുരുഷോചിതമായ വസ്ത്രങ്ങളാണ് ധരിക്കുന്നത്. ഇനിയിപ്പോൾ ചില്ലറ ഒരു ശസ്ത്രക്രിയ അത്യാവശ്യമായിട്ടുണ്ടത്രെ. അതുംകൂടിയായാൽ അവളിൽ പിന്നെ സ്ത്രീത്വത്തിൻെറ യാതൊന്നും അവശേഷിക്കുകയില്ല. അവൾ ഇതാ ഈ ഓപ്പറേഷന് വേണ്ടി ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരിക്കുന്നു. അതു കഴിഞ്ഞാൽ ഇനി വിവാഹം ചെയ്തു ഗൃഹസ്ഥനാവാണ് "അവളുടെ" പുറപ്പാട്.

# വാരവൃത്താന്തസംഗ്രഹം.

## സി. കേശവനെ മോചിപ്പിച്ചു



### പിഴയും ബാക്കി ശിക്ഷയും ഇളവു

തിരുവിതാംകൂർ സംയുക്തരാഷ്ട്രീയ കോൺഗ്രസ്സു വൈസ് പ്രസിഡൻറും, എസ്സ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറിയുമായ വീരശ്രീ: സി. കേശവൻ അവർകളെ ഇന്നലെ അതിരാവിലെ സെൻട്രൽ ജെയിലിൽ നിന്നും നിരുപാധികമായി മോചിപ്പിച്ചിരിക്കുന്നു

തിരുവിതാംകൂർ ഒന്നാംമുറതമ്പുരാട്ടി ശ്രീകാർത്തികതിരുനാൾ തിരുമനസ്സിലേക്കു 21-തിരുവയസ്സു തികയുന്നതു പ്രമാണിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചുത്തരവായതനുസരിച്ചാണ് അദ്ദേഹത്തെ ബന്ധനവിമുക്തനാക്കിയതു് ഇനി അനുഭവിക്കേണ്ട ശിക്ഷാകാലാവധിയും, 500ക പിഴയും ഇളച്ചുകൊടുത്തിരിക്കുന്നു.

## ഭാരതം

### ഹൈദരബാദിൽ ഭരണപരിഷ്കാരം

ഹൈദരാബാദ് നാട്ടുരാജ്യത്തിൽ ഭരണപരിഷ്കാരങ്ങൾ അവതരിപ്പിക്കുന്നതിനെപ്പററി അന്വേഷിപ്പാൻ ദിവാൻ ബഹദൂർ അരവാമുഡു അയ്യങ്കാർ അദ്ധ്യക്ഷനായും വേറെ രണ്ടു അനുദ്യോഗസ്ഥന്മാർ മെമ്പർമാരായും ഒരു കമ്മിററിയെ നൈസാംമഹാരാജാവു് ഒരു വിളംബരംമൂലം നിയമിച്ചിരിക്കുന്നു.

### സെപ്റ്റംബർ 23-ാംനു-

രാവിലെ മദിരാശി അസംബ്ളി ആരംഭിച്ചപ്പോൾ സ്പീക്കർ പതിവുപോലെ വന്ദേമാതരം പാടാൻ വിളിച്ച അവസരത്തിൽ ഒരു മുസ്ലിം മെമ്പറായ മിസ്റ്റർ ലാൽജാൻ വന്ദേമാതരഗാനം ഇസ്ലാമിനെ അവമാനിക്കുകയാണ് എന്നു പറഞ്ഞു സഭയിൽ നിന്നു ഇറങ്ങിപ്പോയി. പ്രാർത്ഥന കഴിഞ്ഞതിനുശേഷം അദ്ദേഹം മടങ്ങിവന്നു. കുറെനേരത്തോളം പല മെമ്പർമാരും തമ്മിൽ ഇതിനെപ്പററി സംഭാഷണങ്ങൾ നടന്നതിനുശേഷം അദ്ദേഹം തൻെറ തടസ്ഥം പിൻവലിച്ചു.

ബോംബെ അസംബ്ളിയിൽ പ്രധാന മന്ത്രി മി. ബി. ജെ. ഖെർ അവതരിപ്പിച്ച ജനപ്രതിനിധി സഭാ പ്രമേയം 96 പേർ അനുകൂലമായും 45 പേർ എതിരായും വോട്ടു ചെയ്തതിന്നനുസരിച്ചു പാസ്സാക്കിയിരിക്കുന്നു.

### നൈസാമിൻെറ സന്ദേശം.

ഹൈദരാബാദ് നൈസാമിൻെറ പ്രജകളോടുള്ള ഒരു സന്ദേശം വലിയ ഉന്മേഷം ഉളവാക്കിയിരിക്കുന്നു. നൈസാമിൻെറ എക്സിക്യൂട്ടീവ് കൗൺസിൽ പ്രസിഡൻറായ സർ അക്ബർ ഹൈദരി നിയമ സഭയുടെ ഒരു പ്രത്യേക യോഗത്തിൽ ഗവർമ്മെണ്ടു അഞ്ചുപേരടങ്ങിയ ഒരു കമ്മററിയെ നിയമിക്കുന്നതായി പ്രഖ്യാപനം ചെയ്കയുണ്ടായി. രാജ്യത്തുള്ള ഭിന്നതാല്പര്യങ്ങളെ സംയോജിപ്പിക്കുന്നതിനായും ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അന്വേഷിച്ചറിഞ്ഞു ഗവർമ്മെണ്ടിനെ അറിയിക്കുന്നതിനായുമാണ് ഈ കമ്മററിയെ നിയമിച്ചിരിക്കുന്നതു്. അദ്ധ്യക്ഷൻ ദിവാൻ ബഹദൂർ ഏ. ഐയങ്കാർ ഉൾപ്പടെ കമ്മിററിയിൽ 3 അനുദ്യോഗസ്ഥന്മാരും 2 ഉദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കുന്നതാണ്. ആറുമാസത്തിനകം കമ്മിററി റിപ്പോർട്ടു സമർപ്പിക്കണം.

### സി. കേശവസ്മാരകം

മി. സി. കേശവൻെറ ബന്ധനമോചനസ്മാരകമായി "കൌമുദി" എന്ന പേരിൽ 1113 കന്നി 18-ാംനു- മുതൽ എല്ലാ തിങ്കളാഴ്ചതോറും ഒരു ചിത്രവാരിക തിരുവനന്തപുരത്തു നിന്നു മെ. സി. വി. കുഞ്ഞുരാമൻ, കെ. സുകുമാരൻ ബി. എ. എന്നിവരുടെ പത്രാധിപത്യത്തിൽ പുറപ്പെടുന്നതാണ്.

## വിദേശം

### ഫെഡ്റേഷൻ

ഇന്ത്യയിലെ പുതിയ ഭരണഘടന പ്രകാരം നിർദ്ദേശിച്ചിരുന്ന ഫെഡ്റേഷൻ (സംസ്ഥാനങ്ങളും നാട്ടുരാജ്യങ്ങളും കൂടിയ സംയുക്ത ഭരണവ്യവസ്ഥ) നിലവിൽ വരുന്നതിനു കുറെ നാട്ടുരാജ്യങ്ങൾ അതിൽ ചേരാൻ ആദ്യമെ ഒരുക്കമായിരിക്കണമെല്ലൊ. തങ്ങൾ ഫെഡ്റേഷനിൽ ചേരുന്നതിനു മുമ്പായി അക്കാര്യത്തിൽ നിയമത്തിൽ (ഇന്ത്യാ ആക്ട്) ചില ഭേദഗതികൾ ചെയ്തു കിട്ടണമെന്നു നാട്ടുരാജാക്കന്മാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ഭേദഗതി നിയമ നിർമ്മാണം അടുത്ത പാർളിമെണ്ടു സമ്മേളനത്തിൽ ഗവർമ്മെണ്ടു് ഹാജരാക്കാനുദ്ദേശിക്കുന്നുവെന്നും ലണ്ടൻ പത്രങ്ങൾ പ്രസ്താവിക്കുന്നു.

ഇതു് സംബന്ധിച്ചു റോയിട്ടർ നടത്തിയ അന്വേഷണം കൊണ്ടറിയുന്നതു്, നാട്ടുരാജ്യങ്ങളുമായിനടത്തിയ സംഭാഷണം കൊണ്ടു ഫെഡറേഷൻ വിഷയത്തിൽ ചില പ്രായോഗിക വിഷമതകൾ ഉള്ളതായറിയാനിടവന്നിട്ടുണ്ടെന്നതു് ശരിയാണെന്നും എന്നാൽ നിയമത്തിൽ ഭേദഗതി ചെയ്വാൻ മന്ത്രിസഭ ആലോചന നടത്തുന്നുണ്ടോ എന്ന കാര്യത്തിൽ ദൃഢമായി ഒന്നും അറിയുന്നില്ലെന്നും, പറയുന്നു.

### പാലസ്തീനിനെ ബലികഴിക്കുണ്ടാ

ലീഗ് ഓഫ്നേഷൻസിൻെറ(സർവ്വരാജ്യസഖ്യം) അസംബ്ളിയോഗത്തിൽ, മററു രാജ്യക്കാർക്കുവേണ്ടി പാലസ്തീനിനെ ബലികഴിക്കരുതു് എന്നു ഇറാക്ക് പ്രതിനിധി പ്രസ്താവിച്ചു. പാലസ്തീനിലെ അറബികൾക്കു സമ്മതമാകാത്ത നിലക്കു ചെയ്യുന്ന എന്തു തീർപ്പും പാലസ്തീൻ കാര്യത്തിൽ വിഫലമായിത്തീരുമെന്നദ്ദേഹം ഓർമ്മിപ്പിച്ചു.

അന്യ രാജ്യങ്ങളിലെ ആഭ്യന്തരപ്രശ്നങ്ങൾക്കൊരു നിവൃത്തികാണാൻ പാലസ്തീനിനെ ഒരു സർവ്വരാജ്യ പ്രശ്നമാക്കിത്തീർക്കുക എന്ന കാര്യം ലീഗ് സമ്മതിച്ചുകൂടാ എന്നദ്ദേഹം ഉൽബോധിപ്പിച്ചു. പാലസ്തീനിലെ അറബികൾക്കു സ്വീകാര്യമായ നിലക്കു തീർപ്പുകാണേണ്ടതാണ്.

പത്രാധിപർ:— ഡാക്ടർ കമാൽ പാഷാ തയ്യിൽ

# പ്രകാശം

പുസ്തകം 3 | കൊച്ചി 1937 സെപ്റ്റമ്പർ 26 — 1113 കന്നി 10 | ലക്കം 32

ഞായറാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്.

**The Voice OF Indian Muslims**

**THE Deccan Times (WEEKLY)**

**Royal 16pp. (Illustrated)**

THIS paper has earned praise from eminent Leaders and Statesmen like Sir Mirza Md. Ismail, Mr. M. A. Jinnah, Mr. J. Nehru, Nawab Sir Mohamed Habibullah, Sahibzada Sir Abdul Qaiyum, Sir Md. Yakub, Mr. Mohd. Yunus, Nawab Sir Amin Jung and others.

Commands a very large circulation and is universally hailed as "India's Premier Muslim Weekly" —A Fearless Champion of all Just Causes.

*Free offer*:—Drop us a line and we shall send you the paper free and post free for three weeks to enable you to form your opinion. If you then wish, enrol yourself. This offer puts you under no obligation.

Edited by: **Abdul Hameed Khan** M. L. A. & **Mahmood Hassan** B. A. (Alig.)

**Annual Subscription Rs. 3-12-0** (POST FREE)

**AGENTS WANTED EVERYWHERE**

**137, Broadway, MADRAS.**

പ്രകാശം

വരിസംഖ്യ മുൻകൂർ

| | രു. | ണ. | സ. |
|---|---|---|---|
| അഞ്ചലിൽ | | | |
| ഒരാണ്ടത്തേയ്ക്കു് | 4 | 0 | 0 |
| ഒററപ്രതിയ്ക്കു് | 0 | 1 | 0 |
| തപാലിൽ | | | |
| ഒരാണ്ടത്തേയ്ക്കു് | 5 | 0 | 0 |
| ഇൻഡ്യയ്ക്കു പുറമെ | 6 | 8 | 0 |

മുഖചിത്രം.

മദ്രാസ് അസംബ്ളി മെമ്പറായ ജനാബ് എസ്. കെ. ഷെയിക്ക് റാവുത്തർ.

ബർമ്മാ, സിംഗപ്പൂർ, എഫ്. എം. എസ്. മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന യാത്രക്കാർക്കും, കച്ചവടസംബന്ധമായും കോടതിസംബന്ധമായും ഉള്ള കാര്യങ്ങൾക്കായി മദ്രാസിൽ വരുന്നവർക്കും, താമസത്തിനും, ഭക്ഷണത്തിനും ഏററവും പററിയ സ്ഥലം അംഗപ്പനായിക് തെരുവിലുള്ള

## മുസ്ലിം ഹോട്ടൽ

ഒന്നുമാത്രമാണ്.

കൂടുതൽ വിവരത്തിന് താഴെകാണുന്ന വിലാസത്തിൽ എഴുതുക

പി. കുട്ടിയാലി സാഹിബ്,
ഹോട്ടൽകീപ്പർ,
216, അംഗപ്പനായിക് തെരുവ്,
ജി. ററി. മദ്രാസ്.

Edited, Printed & Published by Dr. Kamal Pasha Thail, at the Janaki Printing Works, Cochin.